സൂക്ഷിക്കാം ഓരോ തുള്ളിയും


1 ഏപ്രിൽ 2020

കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00


# യുറീക്ക



പത്രമുണ്ടാക്കൂ; വിജയിയാവൂ...

## അവധിക്കാല പ്രവർത്തനം

## തകർപ്പൻ സമ്മാനം കാത്തിരിക്കുന്നു

# പുറത്തിറങ്ങി

# കുരുന്നില

കുഞ്ഞുങ്ങൾക്കും
രക്ഷിതാക്കൾക്കും
പ്രീസ്കൂൾ പ്രവർത്തകർക്കും
കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ
ഉപഹാരം



മുഖവില
₹ 1800

**അഞ്ചുവയസ്സ് വരെ ഉള്ളവർക്ക് കാണാനും പറയാനും വായിച്ചുകേൾക്കാനും**
**അഞ്ചുവയസ്സിനു മുകളിലുള്ളവർക്ക് കാണാനും വായിച്ചുതുടങ്ങാനും**

ഏപ്രിൽ 5 മുതൽ പോസ്റ്റ് പബ്ലിക്കേഷൻ ഓഫർ

**പ്രത്യേക വില**
**₹ 1500/-**

- 75 രചനകൾ
- 34 പുസ്തകങ്ങൾ
- 10 കാർഡുകൾ
- 31 എഴുത്തുകാർ
- 30 ചിത്രമെഴുത്തുകാർ
- മേന്മയുള്ള കടലാസ്
- 600 ൽ അധികം പേജുകൾ

പ്രാദേശിക പരിഷത്ത് പ്രവർത്തകരെ ബന്ധപ്പെടുക.
നേരിട്ട് തപാലിൽ ലഭിക്കാൻ പണമടയ്ക്കുക :
A/C No: 10256537630
(SBI – THRISSUR
IFSC – SBIN0008679
NAME: TREASURER, KSSP



**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**
പരിസരകേന്ദ്രം, പരിഷത്ത് ലെയിൻ, ഗുരുവായൂർ റോഡ്, തൃശ്ശൂർ 680 004
ഫോൺ: 0487 2381084, 9446382813, E mail: publicationkssp@gmail.com

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക

1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

2020
ഏപ്രിൽ 1
വാല്യം: 41
ലക്കം: 21

സന്ദർശിക്കുക : www.eurekafortnightly.com
www.facebook.com/ EurekaFortnightly



കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e–mail: eurekaksssp@gmail.com


## ലേഖനങ്ങൾ


6. വെള്ളത്തിലെ തോക്കു വീരന്മാർ :
ഡോ.നിധിൻ സി.ടി.
ഡോ.എം.ഹരികൃഷ്ണൻ

10. എന്റെ സ്വന്തം നക്ഷത്രം :
കെ.പാപ്പൂട്ടി

18. അന്നു ഞങ്ങൾ കണ്ടതിൽപ്പിന്നെ... :
പ്രിനു കെ.ആർ.


## കുറിപ്പ്


12. ജലചക്രം

13. വെറുതെ കളയല്ലേ; ഓരോ തുള്ളിയും
അമൂല്യം. വരൾച്ചയെ പ്രതിരോധിക്കാം

26. കളിച്ചോളൂ... വരൾച്ചയിൽനിന്ന്
ജലസമൃദ്ധിയിലേക്ക്...


## കവിത


9. എന്റെ കഥ :
എടപ്പാൾ സി.സുബ്രഹ്മണ്യൻ

21. മഴക്കാഴ്ച :
കെ.എസ്.സുധീർ


## കഥ


14. ഞണ്ടുകേസ് :
എ.കെ.ജോഷി

24. ഉമ്മുക്കുൽസുവിന്റെ ആകാശം :
കെ.ടി.ബാബുരാജ്

30. തീരാത്ത എണ്ണൽ :
ശാന്തിദേവി കെ.ആർ.

38. എനിക്കും പോണം :
സിന്ധു എൻ.പി.


## നോവൽ


36. ഭൂമിയിലെ നക്ഷത്രങ്ങൾ :
പ്രേമജ ഹരീന്ദ്രൻ



ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

**ഓർമ – യുറീക്ക @ 50**

28. അമ്മുവിന്റെ ഡയറിക്കുറിപ്പുകൾ : രാമകൃഷ്ണൻ കുമരനല്ലൂർ

**മത്സരം**

42. അവധിക്കാല പ്രവർത്തനം

**പംക്തികൾ**

17. വരേം കുറീം
22. കാഴ്ചപ്പുറം
32. പീക്കിരി.ഇൻ
40. യു–മെയിൽ
43. ഓരോരോന്നോരോന്ന്

**കവർ**

കെ സതീഷ്






വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം,**
**കോഴിക്കോട്–673002.**
e–mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ് ), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി


ആഞ്ഞുവീശിയ പൊടിക്കാറ്റിൽ തീവണ്ടിക്ക് ശ്വാസം മുട്ടി. കണ്ണിൽ മുഴുവൻ പൊടി അടിച്ചു കേറി. എന്തൊരു ചൂടാണിത്. ആകെ ചുട്ടുപൊള്ളുന്നു. തണലത്തെവിടെയെങ്കിലും ഇരുന്ന് ക്ഷീണം മാറ്റണമെന്നുണ്ട്. എന്തു ചെയ്യാം. ഒരു വെറും തീവണ്ടിയായിപ്പോയില്ലേ. വഴിനീളെ മനസ്സു മടുപ്പിക്കുന്ന കാഴ്ചകളാണ്. എല്ലാടവും വരണ്ടിരിക്കുന്നു. ചെടികളെല്ലാം വാടിപ്പോയി. പച്ചപ്പ് നഷ്ടപ്പെട്ട നരച്ച നിറം. കാണുന്നിടത്തെല്ലാം ആ നശിച്ച നിറം മാത്രം. കുറച്ചു മാസങ്ങൾക്ക് മുമ്പ് വെള്ളത്തിൽ മുങ്ങിക്കിടന്ന സ്ഥലങ്ങളാണെന്ന് പറഞ്ഞാൽ ആരും വിശ്വസിക്കില്ല.. കണ്ണു ചിമ്മിത്തുറന്ന് നെറ്റിയിലെ വിയർപ്പ് തുടച്ച് തീവണ്ടി പിന്നെയും ഇഴഞ്ഞുനീങ്ങി.

അപ്പനപ്പൂപ്പന്മാര് തീവണ്ടികള് തുടങ്ങിവച്ചതാ ഈ വഴിയിലെ ഓട്ടം. ഇനി ഞാനായിട്ട് നിർത്തുന്നത് ശരിയല്ലല്ലോ എന്ന് കരുതിയിട്ടാ. അല്ലെങ്കില് എന്നേ ഓട്ടം നിർത്തിയേനെ. വയസ്സായി തുരുമ്പെടുത്ത് വയ്യാണ്ടായപ്പോ അപ്പൻ തീവണ്ടി പറഞ്ഞതാ: മോനേ, നമ്മള് ചെയ്യുന്നത് ഒരു വല്യ സേവനമാണെന്ന് ഒരിക്കലും മറന്നു പോകരുത്. അന്ന് വാക്കു കൊടുത്തതാ; ഇല്ലപ്പാ ഞാനായിട്ട് ആരേയും ബുദ്ധിമുട്ടിക്കില്ലാന്ന്. അപ്പൻ തീവണ്ടിയെ ഓർത്തുകൊണ്ട് കുഞ്ഞൻതീവണ്ടി ഒന്നുകൂടി ആഞ്ഞു കൂക്കി വിളിച്ച് മുന്നോട്ടേക്ക് കുതിച്ചു.

അപ്പൂപ്പൻ പറഞ്ഞിരുന്നു. നമ്മുടെ നാട് വളരെ മനോഹരമാണെന്ന്. ദൂരെ ദേശങ്ങളിലെല്ലാം യാത്ര പോവാൻ അപ്പൂപ്പന് കഴിഞ്ഞിട്ടുണ്ടത്രെ. പച്ചപ്പ് നിറഞ്ഞ, ധാരാളം പുഴകളും ചോലകളും കുളങ്ങളുമെല്ലാമുള്ള നാടാണ് നമ്മുടേതെന്ന്. അപ്പൂപ്പൻ പോയ സ്ഥലങ്ങളിലൊരിടത്തുപോലും ഇതുപോലെ ഭാഗ്യം ചെയ്ത നാട് വേറെയില്ലായെന്ന്. എന്നിട്ട് ഇപ്പോഴോ? പുഴകളൊക്കെ വെറും ചാലുകളാ. മഴക്കാലത്തു മാത്രമാ അവയൊക്കെ ഒന്ന് നിറഞ്ഞു കാണുക. ചോലകളൊക്കെ എന്നേ വറ്റി. കുട്ടിക്കാലത്ത് എവിടെയോ കണ്ടൊരു ഓർമയുണ്ട്, അത്ര മാത്രം. കുളങ്ങളും വയലുകളുമെല്ലാം ഇല്ലാതാവുന്നത് ഓരോ ഓട്ടത്തിനിടയിലും കണ്ടോണ്ടിരുന്നതാ. ലോറികളുടെ കൂടെ ഒളിച്ചോടിയ കുന്നുകളാണ് വയലുകളും കുളങ്ങളും കയ്യേറിയത്. ഓ ലോറികള്. അവറ്റകളെക്കുറിച്ച് ഓർക്കുമ്പോഴേക്കും മനസ്സിൽ ദേഷ്യം വരും. മണലായ മണലെല്ലാം കുഴിച്ചെടുത്ത് പുഴകളെ കൊന്നോരല്ലേ. കുന്നായ കുന്നെല്ലാം നിലം പരിശാക്കിയോരല്ലേ. ഓ അവന്മാരുടെ ആ പുതിയ ചങ്ങാതിയുമുണ്ടല്ലോ. എന്താ അവന്റെ പേര്? ആ... ജെ സി ബി. ഈനാംപേച്ചിക്ക് മരപ്പട്ടി

# ഹൗ, എന്തൊരു ഉഷ്ണം

കൂട്ട് എന്ന് കേട്ടിട്ടേയുള്ളൂ. രണ്ടു കൂട്ടരും കൂടെ നാടൊരു പരുവത്തിലാക്കും. അല്ലെങ്കിലെന്തിനാ അവരെ പറയണേ. അവരെയിങ്ങനെ നേതാക്കളാക്കി വെച്ച മനുഷ്യമ്മാരെ തന്നെയല്ലേ പറയണ്ടേ.



ഇവിടെ മാത്രമല്ല, ഇങ്ങനെ ചൂട് കൂട്ണത്. ആഗോളതാപനം ന്ന് പറേണ ഒരു സംഗതി ഉണ്ടു പോലും. ഇന്നാള് എഞ്ചിൻ ഡ്രൈവറും സ്റ്റേഷൻ മാഷും കൂടെ ലോഗ്യം പറയണേന്റെടയില് കേട്ടതാ. കാർബൺ ഡൈ ഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് എന്നൊക്കെ പറയുന്ന ചില വാതകങ്ങള് കൂടുന്നതുകൊണ്ടാണത്രേ ഈ ആഗോളതാപനം ഉണ്ടാവുന്നത്. ഭൂമിയിലെത്തുന്ന സൂര്യന്റെ ചൂട് പ്രതിഫലിക്കുന്നതിൽ ഇവന്മാര് പ്രശ്നങ്ങളുണ്ടാക്കും ന്ന്. അതോണ്ട് ലോകമാകെ ചൂട് കൂടിക്കൊണ്ടിരിക്കാണ് ന്ന്. അല്ല, ഈ ഓട്ടത്തിന്നിടയിൽ അവിടുന്നും ഇവിടുന്നും ഒക്കെ കിട്ടുന്ന ചില വിവരങ്ങളാണ് ട്ടോ എന്റെ അറിവ്. ഓട്ടം കഴിഞ്ഞ് ഒന്ന് നടു നിവർത്തണേങ്കിൽ പാതിര ആവും. പിറ്റേന്ന് പുലർച്ച തന്നെ എണീറ്റ് വീണ്ടും ഓട്ടം!

പക്ഷേ, ഇന്നലെ വടകരേന്ന് കേറിയ ആ മാഷ് കൂടെയുണ്ടായിരുന്ന ആളുകളോട് പറഞ്ഞതിലും കാര്യം ണ്ട് ട്ടോ. അയാള് പറയ്വാ, ആഗോളതാപനം, ആഗോളതാപനം ന്ന് പറഞ്ഞോണ്ടിരുന്നാ പോര. നമുക്ക് ഓരോരുത്തർക്കും ഒത്തിരി ചെയ്യാൻ ണ്ട് ന്ന്. നമ്മുടെ ഓരോരുത്തരുടേയും ജീവിതരീതികളിൽ ഒരുപാടൊരുപാട് മാറ്റം കൊണ്ടു വരണം. എന്നാലേ കാര്യങ്ങൾ ശരിയാവൂ ന്ന്. ഹരിതഗൃഹ വാതകങ്ങള് കുറയ്ക്കണം. ശരിതന്നെ. എന്നാൽ അതു മാത്രമല്ല നമ്മുടെ കേരളത്തില് ഇത്രേം ചൂടു കൂടാൻ കാരണം ന്ന് മാഷ് പറഞ്ഞപ്പോ ബാക്കിള്ളോര് ചോദിച്ചു, അതെന്താ മാഷേ നിങ്ങള് അങ്ങനെ പറയുന്നേ. മാഷ് ചിരിച്ചു. നമ്മുടെ ചുറ്റും നോക്ക്. മരങ്ങള് വല്ലാണ്ട് കുറഞ്ഞു. കൂടിയതോ കെട്ടിടങ്ങള്. അതും നല്ല അസ്സല് കോൺക്രീറ്റ് കെട്ടിടങ്ങള്. ഇവയൊക്കെ ചൂട് വലിച്ചെടുക്കില്ലേ, പിടിച്ചുവെക്കില്ലേ.. റോഡുകള് ഇഷ്ടം പോലെ കൂടീല്ലേ. അതൊക്കെ നമ്മള് ടാറിട്ട് മിനുക്കി വെച്ചിരിക്കല്ലേ. കറുത്ത പ്രതലം ചൂട് വലുതായിട്ട് ആഗിരണം ചെയ്യുമെന്ന് നമ്മള് സ്കൂളിൽ നിന്ന് പഠിച്ചിട്ടില്ലേ. കെട്ടിടങ്ങളുടെ ചുറ്റോടു ചുറ്റും നമ്മള് തിളങ്ങുന്ന ടൈലുകളിട്ട് ... [see note]

മടുത്തു... മടുത്തു... മടുത്തു.., എല്ലാം മടുത്തു... മടുത്തു... മടുത്തു... എന്ന് തേങ്ങിക്കൊണ്ട് തീവണ്ടി ഞരങ്ങി നീങ്ങി.

**യുറീക്കാമാമൻ**

# വെള്ളത്തിലെ തോക്കുവീരന്മാർ




**ഡോ. നിധിൻ. സി. ടി**
**ഡോ. എം. ഹരികൃഷ്ണൻ**

തോക്കുകൊണ്ട് പലവിധ അഭ്യാസങ്ങളും കാണിക്കുന്ന നായകന്മാരെയും വില്ലന്മാരെയും കൂട്ടുകാർ സിനിമകളിൽ ധാരാളം കണ്ടിരിക്കും. എന്നാൽ, തോക്കുമായി വിലസുന്ന ഒരു കുഞ്ഞൻ ചെമ്മീനെ പരിചയപ്പെട്ടാലോ?

ആൽഫിഡെ കുടുംബത്തിൽ പെട്ട ചെമ്മീനുകൾക്കാണ് പ്രകൃതി ഈ തോക്ക് നൽകിയിരിക്കുന്നത്. നമുക്കിവരെ 'കൈത്തോക്ക് ചെമ്മീൻ' (Pistol shrimps) എന്ന് വിളിക്കാം (ചിത്രം 1).


സാധാരണ ചെമ്മീനുകളിൽ നിന്ന് ഇവയെ വ്യത്യസ്തരാക്കുന്നത് കൈകളുടെ (ശാസ്ത്രീയമായി പറഞ്ഞാൽ മുൻകാലുകളുടെ) രൂപഘടനയാണ്. ഒരു കാലിന് ബോക്സിങ് ഗ്ലൗവ്സിന്റെ രൂപമാണെങ്കിൽ മറ്റേതിന് ചവണയുടെ രൂപമാണ്. ബോക്സിങ് ഗ്ലൗവ്സിന്റെ രൂപമുള്ള കാലുകൾക്ക് ഇവയുടെ ശരീരത്തിന്റെ പകുതിയോളം വലിപ്പമുണ്ടാകും. ഈ കൈകളെ ഒരു തോക്കുപോലെ ഉപയോഗപ്പെടുത്തിയാണ് ഈ വിരുതന്മാർ ഇരപിടിക്കുന്നത്.

മിക്കവാറും എല്ലാ ജലാശയങ്ങളിലും കണ്ടുവരുന്ന ഈ ചെമ്മീനുകൾക്ക് 2 മുതൽ 5 cm മാത്രമേ വലിപ്പമുള്ളൂ. പവിഴപ്പുറ്റുകൾക്കിടയിലും മണ്ണിലെ ചെറുമാളങ്ങളിലുമാണ് ഇവയെ കണ്ടുവരാറുള്ളത്. മറ്റു ചെമ്മീനുകളും ചെറുമത്സ്യങ്ങളുമാണ് ഇഷ്ടഭക്ഷണം.

ഇനി ഇവരുടെ തോക്കിന്റെ പ്രവർത്തനം നോക്കാം. ബോക്സിങ് ഗ്ലൗവ്സിന്റെ രൂപമുള്ള കാലുകൾക്ക് (ചിത്രം 2) പ്രധാനമായും രണ്ടു ഭാഗങ്ങളുണ്ട്; പാറ പോലെയുള്ള വലിയ ഭാഗവും(B), വിരലുപോലെ ചലിപ്പിക്കാനാവുന്ന ചെറിയ ഭാഗവും (S). ചെറിയ ഭാഗത്തിന്റെ മധ്യത്തിലായി ചുറ്റിക പോലെയുള്ള ഒരു രൂപം കാണാം(P). രണ്ടു ഭാഗങ്ങളും ചേർന്നിരിക്കുമ്പോൾ, വലിയ ഭാഗത്തിലെ ചെറിയ കുഴിയിലായിരിക്കും (C)



(ചിത്രം 1) കൈത്തോക്ക് ചെമ്മീൻ




(ചിത്രം 2) തോക്കിൻകാലുകളുടെ പ്രവർത്തനരീതി

ചുറ്റികകൾ വിശ്രമിക്കുക. വിരലുപോലെയുള്ള ഭാഗം പെട്ടെന്ന് അടയ്ക്കാനും തുറക്കാനും ഈ ചെമ്മീനുകൾക്കാവും. ഇരയുടെ സാന്നിധ്യം മനസിലാക്കിയാൽ ഉടനെത്തന്നെ ഇവ മാളത്തിലൊളിച്ച് ഇര അടുത്തെത്തുന്നത് വരെ കാത്തിരിക്കും. ഇര വളരെ അടുത്തെത്തുമ്പോൾ പതുക്കെ തോക്കിൻകാലുകൾ അവയ്ക്ക് നേരെ നീട്ടുന്നു. ഈ സമയം വിരൽ പോലെയുള്ള ഭാഗം വലിയ ഭാഗത്തിൽ നിന്ന് അകത്തി പിടിച്ചിരിക്കും. വിരൽ ഭാഗം വളരെപ്പെട്ടെന്ന് അടയ്ക്കുമ്പോൾ ചുറ്റിക പോലെയുള്ള ഭാഗം വലിയഭാഗത്തെ കുഴിയിൽ ആഞ്ഞിടിക്കുന്നു. ഈ മർദ്ദത്തിൽ കുഴിയിലുണ്ടായിരുന്ന വെള്ളം (W) അതിശക്തമായി പുറത്തേക്ക് ചീറ്റുന്നു. ഈ ജലപ്രവാഹത്തിന്റെ (J) വേഗത മണിക്കൂറിൽ 110 km വരെയാകാം. ഇത്രയും വേഗത്തിലുള്ള ജലത്തിന്റെ ചലനം ചുറ്റപാടും വലിയ ഒരു മർദവ്യത്യാസം ഉണ്ടാക്കുകയും അവിടെ ഒരു ന്യൂനമർദ കുമിള സൃഷ്ടിക്കുകയും ചെയ്യുന്നു. ചുറ്റുമുള്ള ജലത്തിന്റെ മർദം കാരണം ഈ കുമിള പെട്ടെന്ന് പൊട്ടുകയും അതുമൂലമുണ്ടാവുന്ന ഊർജതരംഗം (Shock waves) ഇരയെ മന്ദിപ്പിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്യാൻ ഈ 'ഭീകരൻമാർ'ക്ക് 300 മൈക്രോസെക്കന്റുകൾ മതി (അതായത് 0.0003 സെക്കന്റ് ). ഇര മന്ദിച്ചു എന്നുറപ്പായാൽ പതുക്കെ അടുത്തുചെന്ന് ചവണക്കൈകൾകൊണ്ട് അവയെ മാളത്തിനകത്തേക്ക് വലിച്ചിടും. പിന്നീടുള്ള കാര്യം കുശാൽ !

ഒരു കുമിള പൊട്ടിയാൽ എന്ത് ഊർജതരംഗം എന്ന് ചിന്തിക്കാൻ വരട്ടെ. സാധാരണ വായു കുമിളകളല്ല ഈ വിരുതൻമാരുടെ തോക്കുകളിൽ നിന്ന് ഉതിരുന്നത്. കാവിറ്റേഷൻ (cavitation) എന്ന പ്രതിഭാസത്തിൽ നിന്ന് ഉണ്ടാവുന്ന ഈ കുമിളകളുടെ അകം ശൂന്യമാണ് (vacuum). ഇവ പൊട്ടുമ്പോളുണ്ടാവുന്ന ശബ്ദത്തിന്റെ തീവ്രത 210 ഡെസിബെല്ലിനും മുകളിലാണ്. അതായത് ഒരു ജെറ്റ് വിമാനം പറന്നുയരുമ്പോൾ ഉണ്ടാവുന്നത്രയും ശബ്ദം. ലോകത്തിലെ തന്നെ ഏറ്റവും ഉയർന്ന ശബ്ദം പുറപ്പെടുവിക്കുന്ന ജീവികളിൽ ഒന്നാണ് ഈ തോക്കുവീരന്മാർ.

സാധരണഗതിയിൽ ഇത്ര തീവ്രമായ ശബ്ദങ്ങൾ നമ്മുടെ ചെവികൾക്ക് സാരമായ കേട്ട



(ചിത്രം 3) കൈത്തോക്ക് ചെമ്മീനും ഗോബി ഫിഷും

വരുത്താൻ കെൽപ്പുള്ളവയാണ്. എന്നാൽ വെള്ളത്തിനടിയിലായിരിക്കുമ്പോൾ നമ്മുടെ കർണപുടങ്ങളെ ചലിപ്പിക്കാൻ ഈ ശബ്ദവീചികൾക്ക് കഴിയില്ല. അതിനാൽ കുറച്ചകലെയുള്ള ഒരു നീന്തൽക്കാരന് വിരൽ ഞൊടിക്കുന്നത് പോലെയോ (അതിനാൽ ഇവയെ snapping shrimps എന്നും വിളിക്കും) പോപ്കോൺ പൊട്ടുന്നത് പോലെയോ മാത്രമേ ഈ ശബ്ദം കേൾക്കാനാവുകയുള്ളൂ. ശബ്ദമാപിനികൾ ഉപയോഗപ്പെടുത്തി ഈ ശബ്ദത്തിന്റെ തീവ്രത രേഖപ്പെടുത്താവുന്നതാണ്.

കഴിഞ്ഞിട്ടില്ല, ഈ കുമിളകൾ പൊട്ടുമ്പോൾ പുറത്തുവിടുന്ന ചൂട് എത്രയാണെന്നറിയാമോ? ഏതാണ്ട് 4700°C. അതായത് സൂര്യന്റെ ഉപരിതലത്തിലെ ചൂടിന് (5500°C) ഏതാണ്ട് അടുത്ത്. സോണോലൂമിനസെൻസ് (sonoluminescence) എന്ന പ്രതിഭാസമാണ് ഈ ചൂടിന് കാരണം. തോക്കിൽ നിന്നും 4 മുതൽ 5 cm അകലെയുള്ള വസ്തുക്കളിലാണ് ഈ ഊർജതരംഗങ്ങൾ കൂടുതൽ ആഘാതം ഉണ്ടാക്കുന്നത്. ദൂരം കൂടുന്തോറും ഈ തരംഗങ്ങളുടെ പ്രഭാവം ക്രമേണ നഷ്ടമാവും. ഇത് മനസിലാക്കിയാണ് ഇര തന്നോട് പരമാവധി അടുത്തുവരുന്നത് വരെ ഈ ചെമ്മീനുകൾ കാത്തിരിക്കുന്നത്.

നമ്പർ വൺ വേട്ടക്കാരാണെങ്കിലും കൈത്തോക്ക് ചെമ്മീനുകൾക്ക് കാഴ്ചശക്തി കുറവാണെന്നതാണ് മറ്റൊരു വസ്തുത. തലയിലുള്ള ആന്റിന (antenna) ഉപയോഗിച്ച് ജലത്തിന്റെ ചലനം നിരീക്ഷിച്ചാണ് ഇവ ഇരയുടെയും ശത്രുവിന്റെയും സാന്നിധ്യം മനസ്സിലാക്കുന്നത്. ഈ കുറവ് പരിഹരിക്കാൻ ഇവരുപയോഗിക്കുന്ന മറ്റൊരു വിദ്യ, താരതമ്യേന നല്ല കാഴ്ചശക്തിയുള്ള ഗോബി ഫിഷ് ഇനത്തിൽപ്പെട്ട കുഞ്ഞൻ മത്സ്യങ്ങളോട് കൂട്ടുകൂടുകയെന്നതാണ് (ചിത്രം 3). കൈത്തോക്ക് ചെമ്മീനുകൾ ഉണ്ടാക്കുന്ന ചെറുമാളങ്ങളിൽ ഈ കുഞ്ഞൻ മത്സ്യങ്ങൾക്കും ഇടം കൊടുക്കും. പിന്നീട് ഇവർ ഒന്നിച്ചായിരിക്കും സഞ്ചാരം. ശത്രുക്കളെയും ഇരകളെയും ദൂരെ നിന്ന് തിരിച്ചറിഞ്ഞ് സിഗ്നൽ കൊടുക്കേണ്ടത് ഗോബി മത്സ്യങ്ങളാണ്. വാലുകളുടെ പ്രത്യേക രീതിയിലുള്ള ചലനങ്ങൾ കൊണ്ടാണ് ഗോബി മത്സ്യങ്ങൾ കൈത്തോക്ക് ചെമ്മീനുകളുമായി ആശയ വിനിമയം ചെയ്യുന്നത്. സിഗ്നൽ കിട്ടിയാലുടൻ തന്നെ രണ്ടുപേരും പറ്റിയ ഇടങ്ങളിൽ ഒളിക്കും. ഇരയാണ് വരുന്നതെങ്കിൽ, ഒരു ഭാഗം ഗോബി മത്സ്യത്തിനുള്ളതാണ്.

കൈത്തോക്ക് ചെമ്മീനുകൾ പൊതുവെ സാമൂഹ്യജീവികളാണ്. രണ്ടാം ലോക മഹായുദ്ധ കാലത്ത് ജപ്പാന്റെ അന്തർവാഹിനി നിരീക്ഷണ സംവിധാനങ്ങളുടെ ശ്രദ്ധയിൽപ്പെടാതിരിക്കാൻ കൈത്തോക്ക് ചെമ്മീനുകൾ കൂട്ടമായി ജീവിച്ചിരുന്ന ഇടങ്ങളിലാണ് അമേരിക്കയുടെ അന്തർവാഹിനികൾ നങ്കൂരമിട്ടിരുന്നതത്രെ. ഇവയുടെ കൂട്ടത്തോടെയുള്ള ശബ്ദം കാരണം, ശബ്ദതരംഗങ്ങൾ ഉപയോഗിച്ച് അന്തർവാഹിനികൾ കണ്ടുപിടിക്കാൻ ജപ്പാന് കഴിഞ്ഞിരുന്നില്ല.

കൈത്തോക്ക് ചെമ്മീനുകൾ കൂട്ടത്തിലായിരിക്കുമ്പോൾ, പരസ്പരം കുറഞ്ഞത് 10 cm എങ്കിലും അകലം പാലിക്കുമെന്ന് പറയപ്പെടുന്നു. പെട്ടെന്ന് ഒരു ആക്രമണമുണ്ടായി തോക്ക് ഉപയോഗിക്കേണ്ടി വന്നാൽ, അടുത്തുള്ള സുഹൃത്തിന് ഒന്നും പറ്റരുതല്ലോ!.

ശത്രുക്കളുടെ ആക്രമണം മൂലമോ മറ്റോ കൈത്തോക്ക് മുറിഞ്ഞു പോയാലെന്തുചെയ്യും? അക്കാര്യത്തിലും ഈ വിരുതന്മാർക്ക് പേടിയില്ല. അങ്ങിനെ സംഭവിച്ചാൽ കുറച്ചുദിവസങ്ങൾക്കുള്ളിൽതന്നെ ചവണയുടെ രൂപമുള്ള കൈ പുതിയൊരു കൈത്തോക്കായി മാറും. മുറിഞ്ഞുപോയ കൈയാവട്ടെ പുതിയ ചവണക്കൈയായും രൂപം കൊള്ളും.

ലോകത്തിന്റെ എല്ലാകോണിലും സാന്നിധ്യമുള്ള ഈ കുഞ്ഞന്മാർ നമ്മുടെ വേമ്പനാട് കായലിലും അനുബന്ധ ജലാശയങ്ങളിലും ധാരാളമായി കണ്ടുവരുന്നു. ഇനിയെപ്പോഴെങ്കിലും ജലാശയത്തിനരികെ ഒരു ഞൊടിശബ്ദം കേട്ടാൽ ഒന്ന് ശ്രദ്ധിച്ചുനോക്കാൻ മറക്കല്ലേ.

✷

ചിത്രങ്ങൾക്ക് കടപ്പാട്:

ചിത്രം 1 www.dnr.sc.gov/marine/sertc/Crustacean%20gallery.htm


ചിത്രം 2 https://commons.wikimedia.org/w/index.php?curid=79604408

ചിത്രം 3 https://commons.wikimedia.org/w/index.php?curid=12894255

# എന്റെ കഥ

**എടപ്പാൾ സി സുബ്രഹ്മണ്യൻ**

ചിത്രീകരണം: കെ.സതീഷ്



മലയിൽ നിന്നു വരുന്നു ഞാൻ
മഴയും ചൂടി വരുന്നു ഞാൻ
കാടിൻ മടിയിലിരുന്നു ഞാൻ
കടലും തേടിപ്പോകുന്നു

മരങ്ങളോട് ചിരിച്ചു ഞാൻ
കിളികളൊത്തു കളിച്ചു ഞാൻ
കുന്നും വയലും കരയുന്നു
എന്നോടെന്തോ പറയുന്നു.


✷



കെ പാപ്പൂട്ടി

ചിത്രീകരണം: കെ.സതീഷ്

# എന്റെ സ്വന്തം നക്ഷത്രം



ചൂടു സഹിക്കവയ്യാതെ ടെറസ്സിൽ കയറി ഷീറ്റ് വിരിച്ച് നക്ഷത്രം നോക്കി കിടക്കുമ്പോൾ ചിപ്പി ചോദിച്ചു, "ഉണ്ണ്യേട്ടാ, ഉണ്ണ്യേട്ടന്റെ നക്ഷത്രം എന്താ?"

ഉണ്ണി പറഞ്ഞു, "അക്കാണുന്നതൊക്കെ എന്റേതാ. നിയ്യ് വേണെങ്കി ഒന്നോ രണ്ടോ എടുത്തോ."

"അമ്പട ഒരു ദാനശീലൻ. ഞാൻ ചോദിച്ചതേ, ഏട്ടൻ ഏത് നക്ഷത്രത്തിലാ ജനിച്ചേന്നാ."

"അമ്മ പറഞ്ഞത്, ജനിച്ചത് താലൂക്ക് ആസ്പത്രീലാന്നാണല്ലോ. നക്ഷത്രത്തില് ഭയങ്കര ചൂടല്ലേ?"

"ഈ പൊട്ടനോട് ഇനി ഞാൻ മിണ്ടൂല." ചിപ്പി പിണങ്ങി. അവൾ മല്ലികച്ചേച്ചീടെ അടുത്തേക്ക് നീങ്ങിക്കിടന്നു.

മല്ലിക പറഞ്ഞു, "ആ പൊട്ടന്റെ നക്ഷത്രം കേട്ടയാ. അതല്ലേ അവൻ ഇങ്ങനെ ജ്യേഷ്ഠസ്വഭാവം കാണിക്കുന്നെ. മോൾടെ നക്ഷത്രം അത്താ. സംസ്കൃതത്തിൽ ഹസ്തം. കൈപ്പത്തി എന്നർഥം. അതാ, കിഴക്കോട്ട് നോക്ക്. അഞ്ചാറ് നക്ഷത്രങ്ങൾ അടുത്തടുത്ത്. ചേർത്തുവരച്ചാ കൈപ്പത്തീടെ രൂപംകിട്ടും."

"അതിപ്പം എന്റെ നക്ഷത്രാന്ന് എങ്ങനയാ അറിഞ്ഞെ?"

"നീ ജനിച്ചപ്പം ചന്ദ്രൻ ആ നക്ഷത്രത്തിന്റെ അടുത്താരുന്നു. ശരിക്ക് അടുത്തൊന്നുമല്ല. നക്ഷത്രം പ്രകാശവർഷങ്ങൾ അകലെയാണ്. ചന്ദ്രനെ അതിന്റെ നേർക്കു കാണാം എന്നുമാത്രം. ഉണ്ണി ജനിച്ചപ്പം ചന്ദ്രൻ തൃക്കേട്ടേടെ നേർക്കാരുന്നു."

"ചന്ദ്രൻ എങ്ങന്യാ അറിയുന്നെ നമ്മടെ നക്ഷത്രം ഏതായിരിക്കണോന്ന്?"

"ചന്ദ്രൻ ഒന്നും അറിയില്ല. അതങ്ങനെ ഭൂമിയെ ചുറ്റിക്കൊണ്ടേ ഇരിക്കും. ഒന്നു ചുറ്റാൻ 27 ദിവസോം 8 മണിക്കൂറും വേണം. ചന്ദ്രൻ പോകുന്ന വഴിയെ 27 ആയി ഭാഗിച്ചാൽ 27 നാളു കിട്ടും. ഓരോന്നിലും നക്ഷത്രങ്ങളുണ്ടാകും. ഒരു നാളില് കുതിരത്തലപോലെ – അശ്വമുഖം പോലെ – 3 നക്ഷത്രങ്ങളെ കണ്ടാൽ അശ്വതി എന്നു പേരിടും. അവിടെ ചന്ദ്രൻ നിൽക്കുന്ന ദിവസം ജനിക്കുന്ന കുട്ടികളുടെയെല്ലാം ജന്മനക്ഷത്രം അശ്വതി ആയിരിക്കും."




"അത്രേ ഉള്ളൂ. അപ്പം ഞാൻ ജനിച്ച ദിവസം ജനിച്ച എല്ലാ കുട്ടികൾക്കും അത്തം നക്ഷത്രത്തിന് അവകാശമുണ്ട്, അല്ലേ?"

"ഏയ്, ഇല്ല," ഉണ്ണി ചാടിക്കേറി പറഞ്ഞു. "അച്ഛൻ ഒരു ലക്ഷം ഉറുപ്യ കൊടുത്ത് നെനക്കായിട്ട് വാങ്ങ്യതല്ലേ."

"നീ പോടാ ജ്യേഷ്ഠേ. ചേച്ചി ബാക്കി പറ."

"അവന്റെ തൃക്കേട്ടയുണ്ടല്ലോ, അതിൽ മൂന്നു നക്ഷത്രാ ഉള്ളത് – ഒരു വടി പോലെ. അതില് നടുക്കുള്ളത് ഒരു ചുവന്ന ഭീമനാ. നശിക്കാറായ ഒരു നക്ഷത്രം. അതെപ്പഴ് വേണേലും പൊട്ടിത്തെറിച്ചുപോകാം, സൂപ്പർ നോവയായിട്ട്."

"പൊട്ടിത്തെറിച്ചു പോട്ടെ. അവന്റെ അഹങ്കാരം ശമിക്കുവല്ലോ."

"അതു പൊട്ടിത്തെറിച്ചാ എനിക്കെന്താ? ഞാൻ പൊട്ടിത്തെറിക്കുലല്ലോ. മാത്രല്ല, ഒപ്പം ഉള്ള രണ്ടെണ്ണം അവിടെ ബാക്കീം ഉണ്ടാകും." ഉണ്ണി കൂസലില്ലാതെ പറഞ്ഞു. മല്ലികയ്ക്ക് അത് ഇഷ്ടപ്പെട്ടു. അവൾ പറഞ്ഞു, "ഉണ്ണി ജനിച്ചതും വളർന്നു ഒമ്പതാം ക്ലാസിലെത്തിയതും ഒന്നും തൃക്കേട്ട അറിഞ്ഞിട്ടില്ല കേട്ടോ. ജനിച്ച സമയത്ത് ഇവിടുന്ന് പുറപ്പെട്ട വെളിച്ചത്തിനു പോലും അവിടെത്താൻ 52 കൊല്ലം വേണം. അതിലും സ്പീഡിൽ ഒന്നും പോവില്ലല്ലോ "

ഉണ്ണി പറഞ്ഞു, "എത്തീട്ടെന്താ കാര്യം. നക്ഷത്രത്തിന് ബുദ്ധിയുണ്ടോ? നക്ഷത്രങ്ങളും ഗ്രഹങ്ങളും ഒക്കെ ദൈവങ്ങളാണെന്ന് വിശ്വസിച്ച കാലത്തുണ്ടായ അന്ധവിശ്വാസങ്ങളല്ലേ നക്ഷത്രം നോട്ടോം ജാതകം നോട്ടോം എല്ലാം."

"ഉണ്ടായത് അന്ധവിശ്വാസായിട്ടല്ല ഉണ്ണീ..." മല്ലിക തിരുത്തി.


"പിന്നീട് ആയതാ. കലണ്ടറില്ലാത്ത കാലത്ത് അതിന് ഉപയോഗം ഉണ്ടായിരുന്നു. ഒരു കുഞ്ഞു ജനിക്കുമ്പം, അല്ലെങ്കിൽ ഏതെങ്കിലും സംഭവം നടക്കുമ്പം ഉള്ള നക്ഷത്രം അറിഞ്ഞാ, പിന്നെ സംഭവം നടന്നിട്ട് എത്ര ദിവസായി എന്നു കണക്കാക്കാൻ അതതു ദിവസത്തെ നക്ഷത്രം അറിഞ്ഞാ മതി. 27 ദിവസം വരെ അങ്ങനെ എണ്ണാം. അതു കഴിഞ്ഞാ കുട്ടികളാണെങ്കിൽ അരേല് 28 കെട്ടും. അതൊരു ചരടാ. പിന്നെ വീണ്ടും എണ്ണിത്തുടങ്ങും."

"ഇത്രേ ഉള്ളെങ്കിൽ എങ്ങനെയാ ചില നക്ഷത്രം നല്ലതും ചില നക്ഷത്രം മോശോം ആയത്? മകം പെണ്ണുങ്ങൾക്ക് നല്ലത്, പൂരം ആണുങ്ങൾക്കും. പൂയം എല്ലാർക്കും മോശം എന്നൊക്കെയാണല്ലോ മുത്തശ്ശി പറഞ്ഞെ."

"എന്റെ ചിപ്പിക്കുട്ടി അതൊന്നും വിശ്വസിക്കണ്ട. നക്ഷത്രത്തിന് നന്മേം ഇല്ല, തിന്മേം ഇല്ല. അതൊക്കെ മനുഷ്യർക്കേ ഉള്ളൂ. നമ്മക്കിപ്പം ഒരു കാര്യം ചെയ്യാം. ആകാശത്ത് ഉള്ള നക്ഷത്രങ്ങളെ ഒന്ന് പരിചയപ്പെടാം, എന്താ?"


"ആ അത് നല്ല കാര്യാ." ഉണ്ണീം നീങ്ങി മല്ലികേടെ അടുത്തെത്തി.

# ജലചക്രം




***മണ്ണിനുള്ളിൽ നദിയിൽ സമുദ്രത്തിൽ
വിണ്ണിലും സർവജീവികൾക്കുള്ളിലും
എന്നുമെങ്ങുമൊഴുകും ജലത്തിന്റെ
നന്മകൊണ്ടേ പുലരുന്നു ജീവിതം***

ഭൂമിയുടെ ഉപരിതലത്തിനടിയിലും(മണ്ണിനുള്ളിൽ) ഉപരിതലത്തിലും അന്തരീക്ഷത്തിലുമായുള്ള ജലത്തിന്റെ തുടർച്ചയായ ചംക്രമണമാണ് ജലചക്രം അഥവാ വാട്ടർ സൈക്കിൾ.



## വെറുതേ കളയല്ലേ;

# ഓരോ തുള്ളിയും അമൂല്യം

# വരൾച്ചയെ പ്രതിരോധിക്കാം



**പൈ**പ്പുകളുടെ കേടുപാടുകൾ കണ്ടെത്തി ജലനഷ്ടം ഒഴിവാക്കൂ..

ടാപ്പുകൾ അനാവശ്യമായി തുറന്നിടരുതേ..

ഷവറിനടിയിലെ കുളിയുടെ നേരം ഇത്തിരിയൊന്നു കുറച്ചുനോക്കൂ...

പല്ലുതേക്കുമ്പോഴും ഷേവ് ചെയ്യുമ്പോളും വെറുതെ ടാപ്പ് തുറന്നിടല്ലേ..

ശുചിമുറികളിലെ ഫ്ലഷുകൾ വെള്ളം കുറവുപയോഗിക്കുന്ന തരത്തിലേക്ക് മാറ്റൂ..

ചെടികൾ നനയ്ക്കുന്നത് അതിരാവിലെയോ അസ്തമയശേഷമോ ആക്കി മാറ്റൂ..

ഹോസുപയോഗിച്ച് നനയ്ക്കാതെ വാട്ടറിങ്ക്കാൻ ഉപയോഗിച്ച് നനയ്ക്കൂ..

തോട്ടം നനയ്ക്കാൻ തിരിനന പോലുള്ള രീതികൾ പ്രയോജനപ്പെടുത്തൂ..

വാഹനങ്ങൾ കഴുകാൻ ഒരുപാട് വെള്ളം ഉപയോഗിക്കല്ലേ..

ഊർജക്ഷമതയുള്ള വാഷിങ് മെഷീനുകൾ ഉപയോഗിക്കൂ..

ടബ്ബിൽ നിറയെ വസ്ത്രങ്ങൾ ആയതിന് ശേഷം മാത്രം വാഷിങ് മെഷീൻ ഉപയോഗിക്കൂ..

മുറ്റവും വഴിയോരങ്ങളും കഴുകാതെ, ചൂലുപയോഗിച്ച് വൃത്തിയാക്കൂ..

പാത്രങ്ങൾ കഴുകാൻ ഡിഷ്‌വാഷ് പോലുള്ളവ ഉപയോഗിക്കല്ലേ..

അടുക്കളയിലും കുളിമുറിയിലും ഉപയോഗിച്ച വെള്ളം ചെടികളും മരങ്ങളും നനയ്ക്കാൻ വീണ്ടും ഉപയോഗപ്പെടുത്തൂ..


വേനൽ മഴയിൽ ലഭിക്കുന്ന വെള്ളം ഇത്തിരിപോലും നഷ്ടപ്പെടാതെ സംരക്ഷിക്കൂ..

(ഇതിൽ ഏതെല്ലാം നിങ്ങൾക്ക് നടപ്പാക്കാനായി? യുറീക്ക കിട്ടി പത്തു ദിവസം കഴിഞ്ഞ് വാട്സ് ആപ്പിലൂടെ – 9497172919 അറിയിക്കൂ..)

**മുതിർന്നവരോട്,**
ഇതിനുപുറമെ കൂട്ടുകാരോട് നിങ്ങൾക്കെന്താണ് പറയാനുള്ളത്. യുറീക്കയെ അറിയിക്കൂ.



ചിത്രീകരണം: കെ.സതീഷ്





എ.കെ.ജോഷി

ചിത്രീകരണം: കെ.സതീഷ്


# ഞണ്ടുകേസ്

പപ്പായ്ക്കു രാവിലെ നാട്ടിലെ ചങ്ങാതിയുടെ ഒരു കോൾ വന്നു. ചിരിച്ചുകൊണ്ടായിരുന്നു സംസാരം. നമ്മുടെ കണ്ണൻ എന്ന പാട്ടുവട്ടനെ പോലീസ് പിടിച്ച കഥയാണ്. ഹേയ്; പാട്ടുപാടിയതിനല്ല, പുസ്തകം വിറ്റതിനല്ല. വെളുപ്പാൻ കാലത്ത് വീടിനടുത്തുള്ള ചെമ്മീൻകെട്ടിലിറങ്ങി ഞണ്ടുപിടിച്ചതിന് കെട്ടുടമ കൊടുത്ത കേസ് ആണ്.




പപ്പാ തന്റെ 2010 മോഡൽ പഴഞ്ചൻ ഒറ്റക്കണ്ണൻ സ്കൂട്ടർ സ്റ്റാർട്ടു ചെയ്ത് ചങ്ങാതിയുടെ വീട്ടിലേക്കു പാഞ്ഞു. വണ്ടിയുടെ ഒരു കണ്ണാടി തകർന്നിട്ടു കുറേ നാളായി. ഒരു പുത്തൻ ന്യൂജെൻ ബൈക്ക് വാങ്ങണമെന്ന് പലവട്ടം പലവട്ടം പപ്പയോടു പറഞ്ഞിട്ട് എന്തു ഫലം! ഐസ്ക്രീം വാങ്ങിത്തരാമെന്ന് ഓഫർ ചെയ്ത് പുള്ളി നമ്മളേയും പിന്നിൽ കയറ്റി. സാധാരണ 20–25 കി.മീ. സ്പീഡിൽ പിടിക്കാറുള്ള യജമാനൻ ഇന്ന് 40–45 ൽ കത്തിക്കുന്നതു കണ്ട് പൊട്ടവണ്ടി ചില ആശ്ചര്യ ശബ്ദങ്ങൾ പുറപ്പെടുവിച്ചു. പിൻസീറ്റുകൾക്കും ഹെൽമറ്റ് വേണമെന്ന് നിയമത്തിന് കുറിഞ്ഞിമോൾ ഒരു ഷേക്ക്ഹാന്റ് കൊടുത്തു: രണ്ടാണു കാര്യം; പൊട്ട സ്കൂട്ടറിലിരുന്നു പോകുന്നത് കൂട്ടുകാർ അറിയില്ല. പിന്നെ പപ്പയുടെ പഴങ്കഥകൾ കേൾക്കുകയും വേണ്ട!

ഒരു പാലമിറങ്ങി തോടിന്റെ കരയിലൂടെ കണ്ണിനിമ്പമായ ഒരു ദേശത്തിലൂടെ അങ്ങു പോകുമ്പോൾ പരന്നുകിടക്കുന്ന ചെമ്മീൻകെട്ടുകൾ... അതിലൊരു ചെമ്മീൻകെട്ടിനരികിൽ പൊളിഞ്ഞുവീഴാറായ കൊച്ചുവീട്.

“വരൂ വരൂ നിങ്ങൾ വിരുന്നുകാരേ...”

അത്ഭുതവും ആഹ്ലാദവും തുളുമ്പിയ രണ്ടു വരി പാട്ട് നമ്മളെ സ്വാഗതം ചെയ്തു. പോലീസ് പിടിച്ചിട്ടും കണ്ണൻ പാട്ടുവട്ട് വിട്ടിട്ടില്ല! അകത്തേക്കു കയറുമ്പോൾ ദ്രവിച്ച കഴുക്കോലിൽ നിന്ന് പൊട്ടിയ ഓടിള



കി തലയിൽ വീഴുമോ എന്നു കുറിഞ്ഞിമോൾ പേടിച്ചു.

"നീലക്കുറിഞ്ഞികൾ പൂക്കുന്ന വീഥിയിൽ..." എന്ന വരികൾ പതിവുപോലെ നമുക്കു വേണ്ടി സ്പെഷ്യലായി പാടി.

"നമ്മളിവിടെ ഒറ്റയ്ക്കാണു കേട്ടോ, കുറിഞ്ഞി മോൾ. കൂട്ടുണ്ടായിരുന്ന ആൾ ദേ, മോളിൽ കയറി ഇരിപ്പായി."

ചുവരിലുണ്ടായിരുന്ന കണ്ണന്റെ അമ്മയുടെ മാലചാർത്തിയ മങ്ങിയ ഫോട്ടോ കുറിഞ്ഞി കണ്ടു. വിറകടുപ്പിലുണ്ടാക്കിയ പുകച്ചുവയുള്ള കട്ടൻചായ രുചിയോടെ കുടിച്ചിട്ട് പപ്പാ സംഭവം തിരക്കി.

"ഞണ്ടു പിടിക്കാനല്ല; ഒന്നു സാധകം ചെയ്ത് സ്വരം മെച്ചപ്പെടുത്താനുള്ള പ്ലാനിലാണ് ചെമ്മീൻകെട്ടിലിറങ്ങിയത്. കെട്ടിൽ ചമ്രംപടിഞ്ഞിരുന്നാൽ കഴുത്തിനു വെള്ളമുണ്ടാകും."

"അപ്പോൾ ഈ ഞണ്ടു കേസ്?" പപ്പയുടെ സംശയം.

"രണ്ടു മൂന്നു ദിവസം വെളുപ്പാൻ കാലത്ത് കഴുത്തറ്റം വെള്ളത്തിൽ പാട്ട് പ്രാക്ടീസ് ചെയ്ത് സ്വരമൊക്കെ ഒന്ന് മെച്ചപ്പെട്ട് വരുമ്പോഴുണ്ട്; നാലാം ദിവസം ഒരു തടിയൻ ഞണ്ട് നമ്മുടെ കാലിൽ പിടികൂടി ഇറുക്കുകയാണ്!"

"ഹയ്യോ!"

സ്വന്തം കാലിൽ ഞണ്ടിറുക്കിലായെന്നപോലെ പപ്പയുടെ റിയാക്ഷൻ. 'സാധകം' സഹിക്കാൻ പറ്റാഞ്ഞിട്ടാവും ഞണ്ട് ഈ പണി ചെയ്തത് എന്നു കുറിഞ്ഞിമോൾ മനസ്സിൽ.

"ഇറുക്കിയാൽ പിന്നെ പഹയൻ പിടിവിടില്ല. അവനേയും പിടിച്ചുകൊണ്ട് വേദനയോടെ വിഷമത്തോടെ കരയ്ക്കു കയറി ഒരു കല്ലെടുത്ത് ഇടിച്ചു പൊട്ടിച്ച് കാലുവിടീച്ചു. ആചാരപൂർവം കറിച്ചട്ടിയിലാക്കി അടുപ്പിൽ കയറ്റി. കുറച്ചു കപ്പയിരുന്നതു പുഴുങ്ങി ഞണ്ടിന്റെ ഭൗതികദേഹത്തോടൊപ്പം രുചിയോടെ സേവിച്ചു."

ഹോ; ഞണ്ടു കറിയും കപ്പ റോസ്റ്റും രസികൻ ഐറ്റമാണ്. കുറിഞ്ഞിമോളുടെ നാവിൽ വെള്ളമൂറി.

"എന്നിട്ടു കേസിന്റെ കാര്യമെന്തായി?" പപ്പ ചോദിച്ചു.

"പൊട്ടൻ കെട്ടുടമയെപ്പോലെയല്ല; കലാബോധമുള്ള ആളായ പോലീസ് ഇൻസ്പെക്ടർക്കു കാര്യങ്ങൾ പിടികിട്ടി. പുള്ളി നമ്മളെപ്പറ്റി ചിലരോടൊക്കെ അന്വേഷിച്ചിരുന്നു. അതിന്റെ ഗുണം നമുക്കു കിട്ടി.

പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ എസ്.ഐ. പറയുകയാണ് : "മിസ്റ്റർ കണ്ണൻ, നിങ്ങൾ മറ്റേതെങ്കിലും ചെമ്മീൻകെട്ടിൽ സാധകം തുടർന്നു കൊള്ളൂ. പക്ഷേ, ഞണ്ടിറുക്കാതെ പ്രത്യേകം ശ്രദ്ധിക്കണം."


ചമ്മിപ്പോയ പൊട്ടൻ കെട്ടുടമയോടൊപ്പം പുറത്തു കടന്നപ്പോൾ എസ്.ഐ.നമ്മളെ തിരികെ വിളിപ്പിച്ചു.

"മിസ്റ്റർ കണ്ണൻ പുസ്തകങ്ങൾ കൊണ്ടുനടന്നു വിൽപ്പനയുണ്ടെന്നു കേട്ടു?" എസ്.ഐ.യുടെ ചോദ്യം.

"സത്യമാണു സാർ." നമ്മൾ കുറ്റം സമ്മതിച്ചു.

അപ്പോഴുണ്ടെടാ ദേ, പുള്ളിക്കാരൻ മേശയ്ക്കടിയിൽനിന്ന് ഒരു സാധനം പൊക്കിയെടുക്കുന്നു! എന്നിട്ട് നാണം കലർന്ന ചിരിയോടെ അഭിമാനപൂർവം : "എന്റെ ഭാര്യ എഴുതിയ കവിതകളാണ്."

"ഞാനേറ്റു സാറേ." എന്നു പറഞ്ഞ് ആദരപൂർവം പൊതിക്കെട്ട് നമ്മൾ ഏറ്റുവാങ്ങി. പുറത്തു കടന്ന് എസ്.ഐ. പറഞ്ഞിട്ടാണ് എന്നു പറഞ്ഞ് പൊട്ടൻ കെട്ടുടമയ്ക്ക് രണ്ടു പുസ്തകം കൊടുത്ത് കാശു വാങ്ങി.




കഥ കേട്ട് പാട്ടുവട്ടനോടൊപ്പം പപ്പയും ചിരിച്ചുമറിഞ്ഞു. തുടർന്ന് പാട്ടുവട്ടന്റെ വകയായി രണ്ടു മൂന്നു ഗാനങ്ങൾ... പപ്പയുടെ ഏറ്റുപാടൽ... "അമ്മേ, അവിടുത്തെ മുമ്പിൽ ഞാനാര്, ദൈവമാര്..." എന്നു പാടി കച്ചേരി നിർത്തിയപ്പോൾ കണ്ണനു ചെറുതായി കരച്ചിൽ വന്നു. പപ്പയ്ക്കും കണ്ണുനനഞ്ഞു.

കണ്ണന്റെ തോളിൽ തട്ടി പപ്പാ ഇറങ്ങാനൊരുങ്ങി. പപ്പയുടെ പോക്കറ്റിലെ ഏതാനും നോട്ടുകെട്ടുകൾ പാവം കലാകാരന്റെ പോക്കറ്റിലേക്ക് സ്ഥാനംമാറി. എസ്.ഐ.യുടെ ഭാര്യയുടെ കവിതാസമാഹാരം ഒരെണ്ണം രണ്ടു വിരലുകളിൽ തൂക്കിയെടുത്ത് കണ്ണൻ പപ്പയ്ക്കു കൊടുത്തു. "തുറന്നു വായിച്ചു പോകരുത്; ഏതെങ്കിലും ശത്രുവിനു സമ്മാനിക്കാം." എന്നൊരു മുന്നറിയിപ്പും വട്ടൻ ചിരിയും. ഇറങ്ങുമ്പോൾ ചുവരിലെ അമ്മയുടെ ചിത്രത്തിലേക്ക് വിഷമത്തോടെയും ചിരിക്കുന്ന കണ്ണന്റെ മുഖത്തേക്ക് തെല്ലു വിസ്മയത്തോടെയും കുറിഞ്ഞിമോൾ നോക്കി.

✷

ഈ കഥ കഥാകാരന്റെ
ശബ്ദത്തിൽ കേൾക്കാൻ
ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.




കൂട്ടുകാർക്കുള്ള രചനാ
മത്സര പംക്തിയാണ് വരേം കുറീം.


രചനകൾ കിട്ടേണ്ട അവസാന
തിയ്യതി ഏപ്രിൽ 15

# വേനലിൽ ഒരു കവിത

കണിക്കൊന്ന ക്ഷീണിച്ച് വെയിലിൽ വരച്ച
ഒരു ചിത്രം പോലെ
ചുറ്റിലും മഞ്ഞ വിതറി ചാഞ്ഞുകിടന്നു.
എന്തൊരു വെയിലാ.. എന്തൊരു ചൂടാ...
മന്ദാരം കരിഞ്ഞുണങ്ങി വെയിലിൽത്തളർന്ന
ഒരു പൂമ്പാറ്റയെ നോക്കെ ചില്ലയിളക്കി.
എന്തൊരു വെയിലാ.. എന്തൊരു ചൂടാ...
വേനൽ കഴിഞ്ഞ് ഒന്ന് വർഷം വന്നാൽ

ഇതെല്ലാം കണ്ട് വേനൽ മുഖം കനപ്പിച്ചുതന്നെ നിന്നു.
വേനലിനെ നോക്കി കവി പാടി.

***പിച്ചളച്ചിറകടി–
ച്ചെത്തി നോക്കുന്നു വേനൽ
പിച്ചകം കരിഞ്ഞുപോ–
യെന്നു ചൊല്ലുന്നു കാറ്റ്.***



മതിയെന്ന്
പൊരിവെയിലത്ത് കത്തി നിൽക്കുന്ന
ചെമ്പരത്തി പറഞ്ഞു.
എത്ര നാളായി ഒരു ചെമ്പരത്തിപ്പൂവുണ്ടായിട്ട്.
എന്തൊരു വെയിലാ.. എന്തൊരു ചൂടാ...
ചെമ്പരത്തിച്ചോട്ടിലേക്ക് പാറിയെത്തിയ
കുഞ്ഞിക്കുരുവിയും പറഞ്ഞു.
എന്തൊരു വെയിലാ.. എന്തൊരു ചൂടാ...

കവിയോട് മത്സരിക്കാൻ ഇതാ നിങ്ങൾക്കൊരവസരം.

വേനൽക്കാലമാണ്. വേനലവധിയാണ്. വരികൾ പൂരിപ്പിച്ചോളൂ. കവിയെഴുതിയ വരികളോട് നാല്വ വരികൾ കൂട്ടുകാർക്ക് കൂട്ടിച്ചേർക്കാം. മികച്ച നാല്വ വരികൾക്ക് സമ്മാനം.

എഴുതിക്കോളൂ. എഴുതിയവ **9497172919** എന്ന നമ്പറിലേക്ക് വാട്സ് ആപ്പ് ചെയ്യൂ.



പ്രിനു കെ ആർ

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



# അന്ന് ഞങ്ങൾ കണ്ടതിൽപ്പിന്നെ...

രാവിലെ വലിയ ശബ്ദം കേട്ടാണ് ഞെട്ടി ഉണർന്നത്. മനോഹരമായ ഏതോ ഒരു സ്വപ്നം മുറിഞ്ഞ് പോയതിൽ നിരാശ തോന്നിയെങ്കിലും സ്വപ്നത്തെക്കുറിച്ചല്ല കേട്ട ശബ്ദത്തെക്കുറിച്ചാണ് ചിന്തിച്ചത്. എന്താണത്? പെട്ടെന്ന് തലയിൽ കത്തി. വിമാനം!

ചാടി മുറ്റത്തേക്ക് ഇറങ്ങി. എന്തൊച്ചയാണിത്. ഞാൻ ആകാശത്തേക്ക് നോക്കി. വിമാനം എന്റെ കണ്ണുകളെ കാത്തുനിൽക്കാതെ അതിന്റെ വഴിക്ക് പോയിക്കഴിഞ്ഞിരുന്നു. ജസ്റ്റ് മിസ്! ചാടി എഴുന്നേറ്റ ടൈമിങ് കുറച്ചു മാറിപ്പോയി.

ശ്ശെ, വിമാനം കാണാൻ പറ്റിയില്ലല്ലോ എന്ന നിരാശയിൽ ഞാൻ മുറ്റത്തു തന്നെ നിന്നു. ദാ വീണ്ടും ഒരു വലിയ ശബ്ദം. അടുത്ത വിമാനം വരുന്നു! ഞാൻ ആകാശത്തേക്ക് നോക്കി നിന്നു. വീടിന്റെ തൊട്ടു മുകളിലൂടെ വലിയ ശബ്ദത്തിൽ, വലിയ വലുപ്പത്തിൽ വിമാനം!! ഇത്ര വലുതായി ഇതിനു മുമ്പ് വിമാനത്തെ കണ്ടിട്ടില്ല. അതിന്റെ ചിറകും രൂപവും ഒക്കെ നന്നായി തന്നെ കാണാം.

കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള വഴി എന്റെ വീടിന്റെ മുകളിലൂടെ ആണെന്ന് തോന്നുന്നു. ഇനി ഇത് സ്ഥിരം കാഴ്ച്ചയാകും. കണ്ട് കണ്ട് വിമാനം എന്ന കൗതുകവും നഷ്ടമാകുമോ, ആവോ? ആനയും വിമാനവും കടലുമൊക്കെ എത്ര കണ്ടാലും മതിയാകില്ല എന്നാണ് പറയാറ്. എന്തായാലും വളരെ കൗതുകത്തോടെയാണ് ഞാൻ വിമാനത്തെ നോക്കിക്കണ്ടത്. വിമാനത്തെ നോക്കി നിന്നപ്പോൾ ഓർമകൾ ചിറകടിച്ചു പറന്നു.

‘ഇതാ അവിടെ നോക്ക്. ‘

‘എവിടെ?‘

‘ദാ, അവിടെ. അങ്ങോട്ട്...’

‘ശ്ശൊ എവിടെയാടാ? ഞാൻ കാണുന്നില്ല.’

‘നീ ശരിക്ക് ഒന്ന് നോക്കെടാ...’ കൈ ചൂണ്ടി വിമാനത്തെ കാണിച്ചു തരാനുള്ള നിതിലിന്റെ ശ്രമം തുടർന്നു കൊണ്ടേയിരുന്നു. കണ്ണുകൾ ആകാശത്തിലൂടെ പരതി പരതി നടന്നു. ഒടുവിൽ ഞാനും കണ്ടു. ചെറിയ പൊട്ട് പോലെ ഒരു വിമാനം.



പലപ്പോഴും വിമാനത്തെ ആദ്യം കാണുന്നതും കാണിച്ചു തരുന്നതും അവനാണ്. വിമാനം പോയിക്കഴിഞ്ഞാൽ നിതിലിന്റെ ഭാവം കാണേണ്ടതാണ്. വിമാനം കണ്ടുപിടിച്ച റൈറ്റ് സഹോദരന്മാരെക്കാളും ഗമയാണ് അവനപ്പോ!

നിതിലിന്റെ സഹായം ഇല്ലാതെ എനിക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞത് റോക്കറ്റ് മാത്രമായിരുന്നു. റോക്കറ്റ് പോകുമ്പോൾ അതിന്റെ പുറ

കിലൂടെ പുക പോകുമല്ലോ? അതുകൊണ്ട് റോക്കറ്റ് കാണാൻ എന്റെ കണ്ണുകൾക്ക് പ്രയാസമില്ലായിരുന്നു. നോട്ട് ബുക്കിന്റെ പേജ് കീറി വിമാനം ഉണ്ടാക്കുന്ന കാര്യത്തിലും നിതിൽ തന്നെയായിരുന്നു മിടുക്കൻ. നിതിൽ ഉണ്ടാക്കിയ വിമാനം ട്രൗസറിൽ രണ്ട് തവണ ഉരസി, അതിന്റെ പുറകിൽ ശക്തിയായി ഊതി ഞാൻ പറത്തി വിടാറുണ്ട്.

അടുത്ത വിമാനത്തിന്റെ ശബ്ദമാണ് ഓർമയിൽ നിന്നും എന്നെ ഉണർത്തിയത്. വിമാനം വലിയ വലുപ്പത്തിൽ വീണ്ടും പറന്നു പോയി. വിമാനത്താവള ഉദ്ഘാടനം ആയതു കൊണ്ടായിരിക്കാം ഇന്നിങ്ങനെ ചറപറ വിമാനം. ചിന്തകൾ പിന്നെയും കാട്ടും വീട്ടും വിമാനത്താവളവുമൊക്കെ കയറി ഇറങ്ങി. ഒപ്പം കുറേ സംശയങ്ങളും. റോക്കറ്റ് എന്നു പറഞ്ഞ് ഞാൻ ചെറുപ്പത്തിൽ കണ്ടിരുന്നത് റോക്കറ്റായിരുന്നോ? അല്ല, അത് റോക്കറ്റായിരുന്നില്ലത്രേ! വിമാനം തന്നെയായിരുന്നു, ജെറ്റ് വിമാനം. ജെറ്റ് വിമാനത്തെ എന്തിനാണ് റോക്കറ്റ് എന്ന് വിളിച്ചത്? ആരാണ് അങ്ങനെ പറഞ്ഞു തന്നത്?

റോക്കറ്റിന്റെ ചിത്രം കണ്ടിട്ടില്ലേ? പുറകിൽ കുറെ തീയും പുകയും. ആകാശം, പറക്കൽ, പുക ഇതൊക്കെ ചേർത്തു വച്ചപ്പോൾ മനസ്സിൽ രൂപപ്പെട്ട ചിത്രമാണ് പുകയോടുകൂടി ആകാശത്തിലൂടെ പോകുന്ന ജെറ്റ് വിമാനത്തെ റോക്കറ്റായി കാണാൻ പ്രേരിപ്പിച്ചിട്ടുണ്ടാകുക.

ഇന്ത്യ വിജകരമായി ഉപഗ്രഹങ്ങൾ വിക്ഷേപിച്ചു. വെളുപ്പിന് 6.30 ന് ശ്രീഹരിക്കോട്ട റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം നടന്നത്... തുടങ്ങിയ വാർത്തകൾ ടി വി യിൽ വരുമ്പോൾ നമ്മൾ കാണുന്നത് ഒറിജിനൽ റോക്കറ്റ്. ജീവിതത്തിൽ നേരിട്ട് ഞാനും നമ്മളിൽ ഭൂരിഭാഗവും റോക്കറ്റ് പറക്കുന്നത്





കണ്ടിട്ടില്ല എന്നതാണ് സത്യം. ഉപഗ്രഹങ്ങളെ വിക്ഷേപിക്കാൻ ഭൂമിയിൽ നിന്ന് നേരെ കുത്തനെ ഉയർന്നു പോകുന്നതാണ് റോക്കറ്റ്. അതുകൊണ്ടു തന്നെ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിന്റെ പരിസരത്തുള്ളവർക്കു മാത്രമേ അത് പോകുന്നത് നേരിൽ കാണാൻ കഴിയുകയുള്ളൂ.

ചിന്തകൾ പിന്നെയും കാട് കയറുകയാണ്; ഒരുപാട് ചോദ്യങ്ങളും. ഈ ജെറ്റ് വിമാനത്തിന് എങ്ങനെയാണ് പുകയുണ്ടാകുന്നത്? റോക്കറ്റിന്റെ പോലെയുള്ള പുകയാണോ അതും. എന്താണ് വിമാനവും ജെറ്റ് വിമാനവും തമ്മിലുള്ള വ്യത്യാസം? സുഹൃത്തുക്കളെ വിളിച്ചപ്പോൾ ചില കാര്യങ്ങൾ മനസ്സിലായി. ഏകദേശം സാധാരണ വിമാനം പോലെയാണ് ജെറ്റ് വിമാനവും. എന്നാൽ കൂടുതൽ ഉയരത്തിലും കൂടുതൽ വേഗത്തിലും പറക്കാൻ ജെറ്റ് വിമാനത്തിന് കഴിയും.

അപ്പോൾ പിന്നെ, പുക? നമ്മൾ കാണുന്നത് പുകയല്ല, നീരാവി ഘനീഭവിച്ചുണ്ടാകുന്ന ചെറിയ വെള്ളത്തുള്ളികളുടെ ഒരു ചാലാണ്. എങ്ങനെ എന്നു പറയാം. റോക്കറ്റ് പ്രവർത്തിക്കണമെങ്കിൽ ഇന്ധനം കത്തേണമെന്ന് അറിയാമല്ലോ. റോക്കറ്റ് ശൂന്യാകാശത്തിലേക്ക് പോകുന്നതുകൊണ്ട് കത്താൻ വേണ്ട ഇന്ധനവും ഓക്സിജനും (ഓക്സൈഡ് രൂപത്തിൽ) അതിൽ കരുതണം. എന്നാൽ വിമാനം വായുവിലൂടെ സഞ്ചരിക്കുന്നതു കൊണ്ട് ഇന്ധനം മാത്രം (ആവിയേഷൻ ഓയിൽ) കരുതിയാൽ മതി. ഓക്സിജൻ വായുവിൽ നിന്നെടുക്കും. എഞ്ചിനകത്ത് ഇന്ധനം കത്തി ഉണ്ടാകുന്ന വാതകവും ജലബാഷ്പവും ചൂടുള്ള ജറ്റ് ആയി പുറത്തു പോകും

ഉയരം കൂടും തോറും ചായയ്ക്ക് രുചി കൂടുമെന്ന് ലാലേട്ടൻ പറയുന്നതുപോലെ അന്തരീക്ഷത്തിലെ ഉയരം കൂടും തോറും തണുപ്പ് കൂടും. തണുത്ത അന്തരീക്ഷത്തിൽ ജറ്റിലെ ജലബാഷ്പം ഘനീഭവിച്ച്, തണുത്ത് മേഘപടലങ്ങളായി രൂപപ്പെടും. ഈ മേഘപടലങ്ങളെയാണ് ഒരു പുക പോലെ ഞാനും നിങ്ങളും കാണുന്നത്.

ജെറ്റ് വിമാനത്തെയും അത് പോകുമ്പോളുണ്ടാകുന്ന മേഘപടലത്തെയും നമ്മുടെ മനസിൽ രൂപപ്പെട്ട റോക്കറ്റിന്റെ ചിത്രവുമായി ബന്ധപ്പെടുത്തിയപ്പോഴാണ് ജെറ്റ് വിമാനം റോക്കറ്റായും മേഘപടലങ്ങൾ പുകയായും നമുക്ക് തോന്നിയത്.

എന്നാലും ആകാശത്തൂടെ ജെറ്റ് വിമാനം പോകുന്നത് കണ്ടാൽ ചിലപ്പോൾ ഇതൊന്നും ഓർക്കാതെ പഴയ ഓർമയിൽ വിളിച്ചു പറയും. 'എടാ, നിതിലേ റോക്കറ്റ് പോകുന്നെടാ...'


## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

### വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

# മഴക്കാഴ്ച്ച...



കെ.എസ്.സുധീർ

മഴ പെയ്യുന്നത് കണ്ടിട്ടുണ്ടോ..?
മാനത്തീന്നൊരു മേഘത്തീന്നൊരു
മൊഴിയുതിരുന്നതു പോലെ..!
മഴയൊഴുകുന്നത് കണ്ടിട്ടുണ്ടോ?
ഇറയത്തീന്നൊരു മറയത്തീന്നൊരു
കുളിരുതിരുന്നതു പോലെ..!
മഴ നിറയുന്നത് കണ്ടിട്ടുണ്ടോ..?
മണ്ണിനുമീതേ മരത്തിനുമീതേ
പുഴ പാറുന്നതു പോലെ..!
മഴ പോകുന്നത് കണ്ടിട്ടുണ്ടോ..?
മലയിൽ നിന്ന് മരത്തിൽ നിന്നൊരു
തുവല് പൊഴിയണപോലെ..!



ചിത്രീകരണം: കെ.സതീഷ്

# കാഴ്ചപ്പുറം

സുരഭിവചന

**ദിനാചരണം**

## ആരോഗ്യത്തിനായി ഒരു ദിവസം

**ലീ**ഗ് ഓഫ് നാഷൻസിന്റെ ആരോഗ്യ ഏജൻസിയായിരുന്ന ആരോഗ്യ സംഘടനയുടെ പിന്തുടർച്ചയായാണ് ലോകാരോഗ്യ സംഘടന നിലവിൽ വരുന്നത്. 1948 ഏപ്രിൽ 7 നാണ് സംഘടന രൂപവത്കരിക്കപ്പെട്ടത്. 1950 മുതൽ എല്ലാ വർഷവും ഏപ്രിൽ 7 ലോകാരോഗ്യ ദിനമായി ആചരിക്കുന്നു.

അന്തർദേശീയമായി പൊതുജനങ്ങളുടെ ആരോഗ്യ പ്രവർത്തനങ്ങൾ രൂപവൽക്കരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള ഐക്യരാഷ്ട്രസഭയുടെ പ്രത്യേക ഏജൻസിയാണ് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ അഥവാ, ലോകാരോഗ്യ സംഘടന.

### ഏപ്രിൽ 7 ലോകാരോഗ്യദിനം...

**രാ**ജ്യങ്ങൾ എന്നോ ഭൂഖണ്ഡങ്ങൾ എന്നോ ഇല്ലാതെ വ്യാപിച്ചുകൊണ്ടിരിക്കുന്ന പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ ലോകാരോഗ്യദിനം. 'ഏവർക്കും മെച്ചപ്പെട്ട ആരോഗ്യം' ലഭ്യമാക്കുക എന്നതാണ് ലോകാരോഗ്യസംഘടനയുടെ ലക്ഷ്യം. ആരോഗ്യമെന്നാൽ രോഗമില്ലാത്ത അവസ്ഥ മാത്രമല്ല. ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതി കൂടിയാണ് അത്. വംശം, വിശ്വാസം, സാമൂഹികാവസ്ഥ, രാഷ്ട്രീയം, മതം, സാമ്പത്തിക സ്ഥിതി എന്നിവയൊന്നും ഒരു വ്യക്തിക്ക് ആരോ ലഭിക്കുന്നതിൽ വിലങ്ങുതടിയാവരുത്. ആരേ മനുഷ്യന്റെ മൗലികമായ അവകാശമാണെ ലോകാരോഗ്യസംഘടന ഓരോ ലോകാരോ നത്തിലും നമ്മെ ഓർമിപ്പിക്കുന്നു.



**തപാൽ മുദ്ര**

## കരിമ്പ്

**ക**രിമ്പിന്റെ ജന്മദേശം തെക്ക് കിഴക്കെ ഏഷ്യയാണ്. കാലങ്ങളായി കരിമ്പ് ഉൽപ്പാദനത്തിൽ മുന്നിൽ നിന്നത് ബ്രസീൽ ആയിരുന്നെങ്കിലും ഇപ്പോൾ ഇന്ത്യയാണ്. ഇന്ത്യയിലെ മൊത്തം കരിമ്പ് ഉൽപ്പാദനത്തിന്റെ പകുതിയും ഉത്തർപ്രദേശിലാണ്. എക്കൽമണ്ണാണ് കരിമ്പ് കൃഷിക്ക് അനുയോജ്യം. ഇതാ വിവിധ രാജ്യങ്ങൾ ഇറക്കിയ കരിമ്പ് തപാൽ സ്റ്റാമ്പുകൾ പരിചയപ്പെട്ടു.



ഉഗാണ്ട



ഓസ്ട്രേലിയ



നൈജീരിയ



ബ്രസീൽ



വിശേഷ

അന്റ

സ്ഥിര

ഭൂഖണ്ഡമാ
ങ്ങളിൽ നിന
അന്റാർട്ടിക്ക
ശാസ്ത്രജ്ഞ
ലെ മനുഷ്യ
ജ്ഞരുടെ ഭ്ര
വിളിക്കുന്നത



# ലോകം ആരോഗ്യത്തോടെ ഇരിക്കട്ടെ




ക
ാഗ്യം
ാഗ്യം
ന്ന്
ാഗ്യദി

## സമ്മാനച്ചോദ്യം

### 2020 ൽ...

ഓരോ വർഷവും തെരഞ്ഞെടു ക്കപ്പെടുന്ന ഒരു പ്രത്യേക വിഷയം ഉണ്ടാവും ലോകാരോഗ്യദിനത്തിൽ. ഇതാസ്പദമാക്കിയാണ് ദിനാചര ണം. 2020 ൽ ലോകാരോഗ്യദിന ത്തിന്റെ വിഷയം ഏതാണ്? കണ്ടെത്തൂ. സമ്മാനം നേടൂ.

: 9497172919



## ...ിള വർത്തമാനം

### ...ാർട്ടിക്കക്കാർ

...മായി മനുഷ്യവാസമില്ലാത്ത ഏക ...ണ് അന്റാർട്ടിക്ക. വിവിധ രാജ്യ ...നുള്ള പര്യവേക്ഷണകേന്ദ്രങ്ങൾ ...യിൽ ഉണ്ട്. ഈ കേന്ദ്രങ്ങളിലുള്ള ...തർ മാത്രമാണ് അന്റാർട്ടിക്കയി ...ർ. അതുകൊണ്ടാണ് ശാസ്ത്ര ...ഖണ്ഡം എന്ന് അന്റാർട്ടിക്കയെ ...്.



## ചിത്രവിശേഷം

### പേര് പറയൂ

മധ്യപ്രദേശിലെ ബേത്‌വ നദിയുടെ കരയിൽ 300 അടിയോളം ഉയരത്തിലുള്ള ഒരു കുന്നിൻമുകളിലാണ് ഈ സ്തൂപം. ഇതിന്റെ അടിഭാഗത്ത് മാത്രം 115 അടി വ്യാസമുണ്ട്. കാഴ്ചയ്ക്ക് ഒരു കൂറ്റൻ ശിലാനിർമിതിയാണ് ഈ സ്തൂപം. പേര് പറയാമോ? ഒന്നുകൂടി; ലോകത്തിലെ ഏറ്റവും പഴക്കംചെന്ന ബുദ്ധമതസ്മാരകം കൂടിയാണിത്. (ഉത്തരം 40-ാം പേജിൽ)



കെ.ടി.ബാബുരാജ്

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

# ഉമ്മുക്കുൽസുവിന്റെ ആകാശം

ഉമ്മുക്കുൽസു ആകാശത്തെ തൊട്ടു. അവൾ കുഞ്ഞുവിരലുകൾകൊണ്ട് നക്ഷത്രങ്ങൾ പെറുക്കി തന്റെ കുഞ്ഞു കുടയിലിട്ടു. കുടയിൽകിടന്ന് നക്ഷത്രങ്ങൾ കലപില കൂട്ടി. ഉമ്മുക്കുൽസു അപ്പോൾ നിലാവിനെ വാരിയെടുക്കുകയായിരുന്നു.

നിലാവു വാരി അവൾ കുടയിലിട്ടു. പക്ഷേ, നോക്കിയപ്പോഴേക്കും കുടയിൽ നിലാവില്ല. അയ്യോ, നിലാവൊക്കെ എവിടെപ്പോയി? ഉമ്മുക്കുൽസു അമ്പരന്നു.

ഞാനീ കുടയിലിട്ട നിലാവൊക്കെ എവിടെപ്പോയി? ഉമ്മുക്കുൽസു കുടയിലെ നക്ഷത്രങ്ങളോട് ചോദിച്ചു.

ഓ, അതോ വള്ളിക്കൊട്ടയിലെ വിള്ളലിലൂടെ നിന്റെ നിലാവെല്ലാം ഒഴുകിപ്പോയി. ഒരു നക്ഷത്രക്കുട്ടൻ പറഞ്ഞു.

അയ്യോ, അപ്പോഴെന്താ ചെയ്യാ...

എന്തു ചെയ്യാൻ? നക്ഷത്രക്കുട്ടന്മാർ കൈമലർത്തി.





ഉമ്മുക്കൽസു സങ്കടത്തോടെ ഒരു മൂലയിൽ ചെന്നിരുന്ന് ആകാശത്തേക്ക് നോക്കി.

ആകാശത്ത് അമ്പിളിമാമൻ തിളങ്ങിനിൽക്കുന്നു. അമ്പിളിമാമനിൽനിന്നാണ് നിലാവായ നിലാവെല്ലാം വരുന്നത്.

അമ്പിളിമാമൻ ഉമ്മുക്കൽസുവിനെ നോക്കി ചിരിച്ചു. എന്നിട്ട് ഉമ്മുക്കൽസുവിനോട് ചോദിച്ചു.

ഉമ്മുക്കൽസൂ നീയെന്റെ നിലാവൊക്കെ വാരിയെടുക്കുന്നില്ലേ...

ഉമ്മുക്കൽസുവിന് ദേഷ്യം വന്നു.

അമ്പിളിമാമൻ എന്നെ കളിയാക്കുകയാണ്. ഞാനെത്ര വാരിയെടുത്തിട്ടും ഈ നിലാവൊന്നും എന്റെ കൂടെ നിൽക്കുന്നില്ലല്ലോ. അവൾ സങ്കടത്തോടെ മുഖംതിരിച്ചു നിന്നു.

അപ്പോൾ ഒരു കാർമേഘം അതുവഴി വന്നു. കൂടയിൽനിന്നും നക്ഷത്രക്കുഞ്ഞുങ്ങൾ ഒച്ചവെച്ചു.

ഉമ്മുക്കൽസൂ, ഉമ്മുക്കൽസൂ.. അതാ ഒരു കാർമേഘം വരുന്നു. മേഘത്തിനോട് പറഞ്ഞാൽ അത് നിലാവ് വാരി നിന്റെ കൂടയിലിട്ടുതരും.

ഉമ്മുക്കൽസുവിന്റെ മുഖം തെളിഞ്ഞു.

ഉമ്മുക്കൽസു കാർമേഘത്തോട് കെഞ്ചി.

കരിമേഘമേ കരിമേഘമേ... നീ ആകാശത്തീന്ന് കുറച്ച് നിലാവ് വാരി എന്റെ കൂടയിലിട്ടുതരുമോ...?

അയ്യോ, എനിക്കു പറ്റില്ല. എന്റെയീ കറുപ്പ് കണ്ടില്ലേ. ഞാൻ നിലാവിനെ തൊട്ടാൽ ആ നിമിഷം നിലാവും കറുത്തുപോവും. പിന്നെ നിനക്ക് നിലാവിനെ കാണാൻ പോലും പറ്റില്ല.

അതും പറഞ്ഞ് മേഘം വേഗത്തിൽ പാഞ്ഞുപോയി.

ആ പാച്ചിലിൽ മേഘം മറ്റൊരു മേഘവുമായി കൂട്ടിയിടിച്ചു. വലിയ ഇടിമിന്നലുണ്ടായി. ഉമ്മുക്കൽസുവിന് വീണ്ടും സങ്കടമായി. അവൾ നക്ഷത്രങ്ങളെ ഇട്ടുവെച്ച കൂടയുമായി ദൂരത്ത് ചെന്നിരുന്നു.

അമ്പിളിമാമൻ അവളെത്തന്നെ നോക്കിയിരുന്നു.

കുറച്ചുകഴിഞ്ഞപ്പോൾ അമ്പിളിമാമൻ അവളെ വിളിച്ചു.

ഉമ്മുക്കൽസൂ നീ കരയണ്ട. ഞാൻ തന്നെ വന്ന് നിന്റെ കൂടയിലിരിക്കാം. അതുപോരെ.

ഉമ്മുക്കൽസുവിന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല.

സത്യം...

സത്യം.

പക്ഷേ, ഒരു കാര്യമുണ്ട്, ആരും എന്നെ കാണരുത്. നേരം വെളുക്കുമ്പോഴേക്കും എന്നെ വിട്ടയക്കുകയും വേണം.

വിടാം. തീർച്ചയായും വിടാം.

അപ്പോൾ അമ്പിളിമാമൻ ഉമ്മുക്കുൽസുവിന്റെ കൂടയിൽ വന്നിരുന്നു. നക്ഷത്രക്കുട്ടന്മാർ അമ്പിളിമാമന് ഇരിക്കാൻ നീങ്ങിയിരുന്ന് സ്ഥലമുണ്ടാക്കിക്കൊടുത്തു.

ഉമ്മുക്കുൽസു തന്റെ കൂടയുമെടുത്ത് വീട്ടിലേക്ക് നടന്നു. ആരും കാണാതെ തന്റെ മുറിയുടെ മേശപ്പുറത്ത് അവളാ കൂട കൊണ്ടുവെച്ചു. പിന്നെ ഉറങ്ങാൻ കിടന്നു.

അമ്പിളിമാമനും നക്ഷത്രങ്ങളും ഉമ്മുക്കുൽസുവിനെ ഉറങ്ങാനേ വിട്ടില്ല. അവർ ഉമ്മുക്കുൽസുവിന്റെ കാലിലെ വെള്ളിക്കൊലുസുകൾ കിലുക്കി ഒച്ചയുണ്ടാക്കി. ഇടയ്ക്കവർ ഉമ്മുക്കുൽസുവിനെയും എടുത്ത് ജാലകത്തിലൂടെ പുറത്തേക്ക് പറന്നു. ആകാശത്തിലൂടെ മേഘക്കൂട്ടങ്ങൾക്കിടയിലൂടെ പറന്നുപറന്ന് നടന്നു. തളർന്നപ്പോൾ അമ്പിളിമാമനും നക്ഷത്രങ്ങളും അവളെ കട്ടിലിൽ കൊണ്ടുചെന്ന് കിടത്തി. ഒരു പുതപ്പെടുത്ത് ഉമ്മുക്കുൽസുവിനെ പുതപ്പിച്ചു. വീണ്ടും കൂടയിൽ കയറി ഇരുന്ന് ഉമ്മുക്കുൽസു ഉറങ്ങുന്നതും ഉറക്കത്തിൽ ചിരിക്കുന്നതും നോക്കിയിരുന്നു.

പാതിരാത്രിയിലെപ്പോഴോ ഉമ്മുക്കുൽസു ഞെട്ടിയുണർന്നു. എഴുന്നേറ്റ ഉടനെ അവൾ മേശപ്പുറത്തേക്ക് നോക്കി. ആ കൂട അവിടെതന്നെയില്ലേ. അവളെഴുന്നേറ്റ് മേശക്കരികിലേക്ക് നടന്നു. നോക്കുമ്പോൾ കൂടയിൽ അമ്പിളിമാമനും നക്ഷത്രങ്ങളും ഇല്ല. അവൾ ജാലകത്തിനരികിലേക്ക് ചെന്നു.

പുറത്തെ ഇരുട്ടിൽ മിന്നാമിനുങ്ങുകൾ പാറിക്കളിക്കുന്നു.

ദൂരെ ആകാശത്തുനിന്നും അമ്പിളിമാമൻ അവളെ നോക്കി ചിരിക്കുന്നു. ചുറ്റിലുമുള്ള നക്ഷത്രങ്ങളും അവളെ നോക്കി ചിരിക്കുന്നു. ഉമ്മുക്കുൽസു ജാലകത്തിലൂടെ കൈ പുറത്തേക്കു നീട്ടി. അപ്പോൾ ഒരു മിന്നാമിനുങ്ങ് അവളുടെ കൈവെള്ളയിൽ വന്നിരുന്നു. അവളപ്പോൾ കൈ പതുക്കെ അടച്ചു.

മിന്നാമിനുങ്ങിനെയും കൊണ്ടവൾ തന്റെ കിടക്കയിലേക്ക് ചെന്നു. മിന്നാമിനുങ്ങിനെ പാടിയുറക്കുന്നതിനിടയിൽ എപ്പോഴോ ഉമ്മുക്കുൽസുവും ഉറങ്ങിപ്പോയി.

# കളിച്ചോളൂ...

## വരൾച്ചയിൽ നിന്ന് ജലസമൃദ്ധിയിലേക്ക്...

**പാമ്പും കോണിയും കളിക്കാൻ ഇഷ്ടമല്ലേ? ഇതാ ഒരു പുതിയ പാമ്പും കോണിയും. ആറ് വശമുള്ള ഒരു ഡൈ തയ്യാറാക്കി ഒരുങ്ങിക്കോളൂ.. അതിന്റെ വ്യത്യസ്ത വശങ്ങളിൽ 1, 2, 3, 4, 5, 6 കുത്തുകൾ ഇടാൻ മറക്കണ്ട (അറിയാത്തവർ മുതിർന്നവരോട് ചോദിക്കണേ..) പച്ചയും ചവപ്പും കള്ളികളിലെത്തുമ്പോൾ നിർദേശങ്ങൾ നിങ്ങളെ കാത്തിരിക്കുന്നു.**

**കേരള ദുരന്ത നിവാരണ അതോറിറ്റിയാണ് ഈ കളി തയ്യാറാക്കിയത്.**

**കളിക്കൂ കളിക്കൂ.. ജലസംരക്ഷണ മാർഗങ്ങളെക്കുറിച്ച് അറിയൂ..**

### ചെയ്യരുതാത്തത്

08 എന്റെ വീട്ടിൽ കിണർ ഉള്ളതുകൊണ്ട് ഞാൻ ജലസംരക്ഷണ മാർഗങ്ങളൊന്നും സ്വീകരിക്കാറില്ല. ഈ വരൾച്ച എന്നെ ബാധിക്കുന്നതല്ല.

13 എന്റെ വീട്ടിൽ പച്ചക്കറിയും പഴങ്ങളും കഴുകുന്നത് തുറന്നിട്ട പൈപ്പിനടിയിലാണ്.

19 വെള്ളത്തിന്റെ പുനരുപയോഗം പ്രായോഗികമായി ബുദ്ധിമുട്ടായതുകൊണ്ട് ഞാൻ അതിന് ശ്രമിക്കാറില്ല.

24 ഞങ്ങളുടെ കാർ കഴുകുന്നത് ഹോസ് വച്ചാണ്. അത് വളരെ എളുപ്പമാണ്. ഹോസിലൂടെ – (10 മിനുട്ട്) 400 ലിറ്റർ.

28 ഞാൻ ഒരു ബക്കറ്റ് വെള്ളം കുറച്ച് ഉപയോഗിച്ചതുകൊണ്ട് കേരളത്തിൽ ഒരു വ്യത്യാസവും ഉണ്ടാവുമെന്ന് തോന്നുന്നില്ല.

33 എന്റെ വീട്ടുമുറ്റത്തു കോൺക്രീറ്റോ ടൈൽസോ ഇടാൻ അച്ഛനെ നിർബന്ധിക്കും.




## ചെയ്യേണ്ടത്

05 വീട്ടിലെയോ സ്കൂളിലെയോ തോട്ടം നനയ്ക്കുന്നത് രാവിലെയോ, വൈകുന്നേരമോ മാത്രമായിരിക്കും; എന്നുമാത്രമല്ല നനയ്ക്കുന്നത് ഒരു ബക്കറ്റുകൊണ്ടോ വാട്ടർക്യാൻ കൊണ്ടോ ആയിരിക്കും. പൂന്തോട്ടം നനയ്ക്കാൻ ഹോസ് ഉപയോഗിച്ചാൽ (5 മിനിറ്റിൽ) 120 ലിറ്ററും, ബക്കറ്റ് ഉപയോഗിച്ചാൽ 5 ലിറ്ററുമാണ് ചെലവാകുന്നത്.

11 പല്ല് തേക്കുമ്പോഴോ മുഖം കഴുകുമ്പോഴോ വെള്ളം ഒരു പാത്രത്തിൽ സ്വരൂപിച്ചുകൊണ്ട് ഉപയോഗിക്കും. ഒരിക്കലും പൈപ്പ് തുറന്നിട്ട് ചെയ്യുകയില്ല. ടാപ്പിൽ നിന്നും നേരിട്ട് ഉപയോഗിച്ചാൽ – 40 ലിറ്റർ (15 മിനിട്ട്).

16 വീട്ടിലെ പൈപ്പുകളിൽ ചോർച്ചയുണ്ടെങ്കിൽ ഞാൻ ഉടനെ അച്ഛനെയോ അമ്മയെയോ അറിയിക്കുകയും അത് ശരിയാക്കുകയും ചെയ്യും.

22 കുളിക്കുമ്പോൾ ഞാൻ ഷവർ ഉപയോഗിക്കാതെ ഒരു ബക്കറ്റ് (20 ലിറ്റർ) വെള്ളം മാത്രം ഉപയോഗിക്കും. ഷവർ – 90 ലിറ്റർ.

26 ഞാൻ സർക്കാരിന്റെ ജലസംരക്ഷണ മാർഗങ്ങളെ കുറിച്ച് മനസ്സിലാക്കുകയും അത് പ്രാവർത്തികമാക്കാൻ പ്രയത്നിക്കുകയും ചെയ്യും (പ്രത്യേകിച്ചും മഴവെള്ള സംഭരണികളെക്കുറിച്ച്).

30 ഞാൻ ഫ്ലഷ് ഉപയോഗിക്കുമ്പോൾ നിയന്ത്രിതമായ അളവിൽ മാത്രമേ ഉപയോഗിക്കാറുള്ളൂ. വലിയ ഫ്ലഷ് ടാങ്കുകളിൽ വെള്ളത്തിന്റെ അളവ് കുറയ്ക്കുവാൻ ഞാൻ ഒരു കുപ്പി നിറയെ വെള്ളം എടുത്ത് അടച്ച് അത് ഫ്ലഷ് ടാങ്കിൽ നിക്ഷേപിക്കും. അത് വെള്ളത്തിന്റെ അളവ് കുറയ്ക്കാൻ സഹായിക്കും. (ഫ്ലഷ്–10 മുതൽ 13 ലിറ്റർ).

ഓർമ യുറീക്ക@50

യുറീക്ക പ്രസിദ്ധീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു. പിന്നിട്ട വർഷങ്ങളിലെ ചില മികച്ച രചനകൾ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ്. ഈ സന്തോഷ വേളയിൽ. 2001 ജൂൺ ലക്കത്തിലെ രണ്ട് ഡയറിക്കുറിപ്പുകളാണ് ഈ ലക്കത്തിൽ.



# അമ്മുവിന്റെ ഡയറിക്കുറിപ്പുകൾ

**രാമകൃഷ്ണൻ കുമരനല്ലൂർ**

ഡയറി എഴുതുകയെന്നാൽ രാവിലെ എഴുന്നേറ്റതു മുതൽ രാത്രി ഉറങ്ങാൻ കിടക്കുന്നതുവരെയുള്ള മുഴുവൻ കാര്യങ്ങളും എഴുതി വെക്കുകയാണെന്നാണ് പല കൂട്ടുകാരുടേയും വിചാരം. 2001 ജൂൺ ലക്കത്തിൽ അമ്മുവിന്റെ ഡയറിക്കുറിപ്പുകൾ എന്ന പേരിൽ യുറീക്കയിൽ നൽകിയ ഈ കുറിപ്പുകൾ വായിച്ചു നോക്കൂ. നിങ്ങളുടെ ഡയറി എഴുത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ തോന്നുന്നുണ്ടോ?

## പപ്പടത്തിന്റെ ഒച്ച




മാർച്ച് 5, 2001

കാച്ചിയ പപ്പടം പൊട്ടിക്കുമ്പോഴാണോ ചുട്ട പപ്പടം പൊട്ടിക്കുമ്പോഴാണോ കൂടുതലൽ ഒച്ച ഉണ്ടാവ്വാന്ന് അമ്മാമ്മ ചോദിച്ചു.

ഏതിനാവും കൂടുതൽ ശബ്ദം ഉണ്ടാവ്വാ?

കുറേ ദിവസങ്ങൾക്കു ശേഷം അമ്മാമ്മ വന്നിട്ട് ചോദിക്കാൻ കണ്ട ഒരു ചോദ്യം!

അച്ഛനോടും അമ്മയോടും ഏട്ടനോടും ചോദിച്ചു. അവർക്കും അറീല്യാത്രെ.

സ്കൂളില് കൂട്ടുകാരോടൊക്കെ ചോദിച്ചു.

ഒട്ക്കം ടീച്ചറോടും ചോദിച്ചു. ടീച്ചർക്കും ഉത്തരം അറീല്യാന്ന്.

ടീച്ചർക്ക് അറിയാണ്ടിരിക്യോ?

നമ്മൾക്കെല്ലാർക്കും കൂടി കണ്ടു പിടിക്കാംന്നാണ് ടീച്ചർ പറഞ്ഞത്.

എല്ലാ കുട്ടികളോടും ചെയ്തുനോക്കാനും പറഞ്ഞു.

സ്കൂൾ വിട്ടിട്ട് വേഗം വന്നു നോക്കുമ്പോഴല്ലെ ഇവിടെ ഒറ്റ പപ്പടല്യ.

ഇന്നലെ പപ്പടം വാങ്ങാൻ അമ്മ പറഞ്ഞിരുന്നു. മറന്നത് കഷ്ടായി.

നാളെ പപ്പടം ചുടണം. കാച്ചും വേണം. രണ്ടും പൊട്ടിച്ച് നോക്കണം. ഏതിനാണ് ഒച്ച കൂടുതല്ണ്ടാവ്വാ?

# ഒരു യാത്ര



ചിത്രീകരണം: കെ.സതീഷ്

മാർച്ച് 10, 2001

ഇന്ന് അച്ഛന്റെ കൂടെ പുറത്തൂര് കല്യാണത്തിനു പോയി. പൊന്നാനി പള്ളിക്കടവിൽനിന്ന് തോണിക്കാണ് പോയത്.

എഞ്ചിൻവെച്ച തോണിയായിരുന്നു.

ഭാരതപ്പുഴ കടലിൽ ചേരണ അഴിമുഖം കണ്ടു.

തോണീപ്പോവുമ്പോ വെള്ളത്തിൽ നിന്ന് മീനുകൾ മേൽപ്പോട്ട് ചാടുന്നതു കാണാൻ നല്ല രസംണ്ട്.

വെളുത്ത നിറത്തിലുള്ള വലിയ പക്ഷികൾ കുറെയെണ്ണം മണലിലിരുന്നിരുന്നു. കടൽക്കാക്കകളാണെന്ന് അച്ഛൻ പറഞ്ഞു. ഇവിടേയ്ക്ക് വിരുന്നുവന്ന ദേശാടനപ്പക്ഷികളാണത്രെ.

തോണിയിലിരുന്നപ്പോ ശരിക്കും പേടി തോന്നി. കല്യാണത്തിന് പരമേശ്വരൻ മാഷും ഉണ്ടായിരുന്നു. കല്യാണപ്പന്തലിൽ നിന്ന് രണ്ടു നാരങ്ങ കിട്ടി. അച്ഛൻ  തന്നതും കൂടിയായപ്പോ മൂന്നെണ്ണം.

മടങ്ങിയത് ബസ്സിലാണ്. നല്ല സ്പീഡുള്ള ബസ്സായിരുന്നു. ബസ്സിൽ വിൽക്കാൻ കൊണ്ടുവന്ന ഒരു വിശറി അച്ഛൻ വാങ്ങിത്തന്നു. പനയുടെ ഓലയാണ്. മടക്കിവെക്കാൻ പറ്റും.

വീട്ടിൽ വന്നിട്ട് നാരങ്ങാവെള്ളം ഉണ്ടാക്കിക്കുടിച്ചു. പഞ്ചസാര കൂടുതലിട്ടതിന് അമ്മ ചീത്ത പറഞ്ഞു.



ശാന്തിദേവി കെ ആർ

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

# തീരാത്ത എണ്ണങ്ങൾ

"ഒന്ന് രണ്ട് മൂന്ന്..." നന്ദു പടികൾ കയറാൻ തുടങ്ങി. എണ്ണിക്കൊണ്ട് പടികൾ കയറുക അവളുടെ ശീലമാണ്.

എന്താപ്പൊ ശീലംന്നല്ലേ?

"നന്ദൂട്ടീ.. മുകളീ പോയി തുണി വിരിക്കാട്ടൊ, വന്നാട്ടെ!"

"അമ്മ ന്നെ എടുക്കണം!"

"മോളെ, അമ്മേട കയ്യി തുണി അല്ലേ! ദാ നമുക്കിങ്ങനെ കയറാലോ... ഒന്നേ, രണ്ടേ, മൂന്നേ... പന്ത്രണ്ടേ..."

"ദാ.. എത്തിപ്പോയി."

"ന്റെ കുട്ടി വന്നാട്ടെ, നമ്മക്ക് ഈ പയർ മണി മോളി കൊണ്ടോയി നടാലോ..."

"ഒന്നേ രണ്ടേ... പന്ത്രണ്ടേ..." നന്ദു പടികൾ കയറി.

"ന്റെ കുട്ടി എണ്ണാൻ പഠിച്ചല്ലോ! ചുന്ദരിക്കുട്ടി."

മുകളിലേക്ക കയറണേൽ – അവൾ പടികൾ എണ്ണിക്കൊണ്ടേ കയറൂ എന്നായി.

നന്ദൂട്ടിയുടെ വീടിനുചുറ്റും ഇത്തിരി പോലും



# പൂർണവിലാസമുള്ളവർക്കേ

# സമ്മാനമുള്ളൂ...





മത്സര രചനകൾക്ക്, വാട്സ് ആപ്പിലേക്ക് പലരും പേരുപോലും വയ്ക്കാതെയാണ് അയയ്ക്കുന്നത്. ശരിയുത്തരമയച്ചവരിൽ നിന്നും സമ്മാനാർഹരെ തെരഞ്ഞെടുക്കണമെങ്കിൽ പൂർണമായ (ക്ലാസ്, സ്കൂൾ, സ്ഥലം) മേൽവിലാസം വേണം. അവധിക്കാലമായതിനാൽ ഇനി വീട്ടിലെ വിലാസം പൂർണരൂപത്തിൽ എഴുതൂ. ശരിയുത്തരം അയച്ചവരിൽ നിന്നും മുഴുവൻ വിലാസമുള്ളവർക്ക് സമ്മാനം.

: 9497172919

സ്ഥലമില്ല. കളിയൊക്കെ വീടിനകത്തു തന്നെ.

എന്തോരം കളിപ്പാട്ടാ നന്ദൂട്ടിക്ക്. ഓരോ കളിപ്പാട്ടം എടുത്ത് ഇത്തിരി നേരം കളിക്കും. പിന്നെ അതവിടെ ഇടും.

ഏറ്റവും കൂടുതൽ സമയം അവൾ കളിച്ചത് മാമൻ വരുത്തിക്കൊടുത്ത 'സൂപ്പർ മാർക്കറ്റ്' വച്ചാ. എന്തെല്ലാം സാധനങ്ങളാ അതിൽ. കമ്പ്യൂട്ടറും ഇലക്ട്രോണിക് ത്രാസും ഒക്കേണ്ട്.

രണ്ടു ദിവസം കളി തന്നെയായിരുന്നു. ഇപ്പോ ദാ ആ മൂലയിൽ ഒരു കവറിലാക്കി വച്ചിട്ടുണ്ട്. സൂക്ഷിച്ചു വയ്ക്കൽ അമ്മയുടെ പണി തന്നെ.

അവളിപ്പോ പുതിയ ഒരു കളിയിലാട്ടൊ! നന്ദൂട്ടിയുടെ മട്ടുപ്പാവിൽ നല്ലൊരു കൃഷിത്തോട്ടം ങ്ങട് ഉണ്ടാക്കി.

അമ്മേം അച്ഛനും ചേട്ടനും എല്ലാരും കൂടി ചട്ടീലും ഗ്രോബാഗിലും ചാക്കിലും ഒക്കെ തൈ നട്ടു.

കൂർക്കേം ചീരേം പാത്തീലാ നട്ടത്. നടാനും വളമിടാനും ഒക്കെ എപ്പോഴും നന്ദുണ്ടാവും.

ഇപ്പോളവൾ തനിയെ മുകളിലേക്കു കയറും. താഴെവച്ചിരിക്കുന്ന ചട്ടിയിൽ നിന്ന് തക്കാളി പൊട്ടിച്ച് പഴുത്തത് തിന്നും.

"നന്ദൂട്ടീ..." അമ്മ വിളിച്ചു.

"ന്താ..."

"നമ്മക്ക് കൂർക്ക പറിക്കാം."

അമ്മ പാത്തിയിൽ നിന്ന് കൂർക്ക പറിക്കാൻ തുടങ്ങി.

"നന്ദൂ ആ കുട്ട ങ്ങട് എടുക്ക്."

"അമ്മേ, നാൻ കുട്ടേലിക്കിതട്ടേ?"

"ഇട്ട്ന്നേ, തറേക്കളയല്ലേ."

"ഒന്നേ..." അവൾ എണ്ണിക്കൊണ്ട് കുട്ടയിലേക്ക് കൂർക്ക വിത്ത് ഇടാൻ തുടങ്ങി.

"പന്ത്രേണ്ടേ... അമ്മേ തീർന്നു പോയി."

"ദാ കെടക്കണ് അതൂടി പറക്കി എടുക്ക് മോളെ."

"അതല്ല മ്മാ..."

"അതേയ്..." നന്ദു അമ്മയെ തോണ്ടാൻ തുടങ്ങി.

"ന്താ മോളൂ.."

"അമ്മാ... അതേയ്..."

"മോളേ എന്താ വേണ്ടത്." അതും ചോദിച്ചു കൊണ്ട് അമ്മ വഴുതനയുടെ അടുത്തേക്ക് നടക്കാൻ തുടങ്ങി.

"അമ്മേ... അമ്മക്കുട്ടീ..."

അമ്മക്ക് ചിരി വന്നു. എന്തേലും കാര്യസാധ്യത്തിനാ അവൾ അമ്മക്കുട്ടീന്ന് വിളിക്കു.

അമ്മ തിരിഞ്ഞു നോക്കി. "എന്താ ന്റെ ചുന്ദരിക്കുട്ടിക്കു വേണ്ടെ."

"അതേയ്... അമ്മേ... ന്റെ എണ്ണം തീർന്നു പോയി."

"ഓ... അതാ കാര്യം. വന്നേ..."

അമ്മ കയ്യും കൂട്ടിപ്പിടിച്ച് കൂർക്കയെടുത്ത് കുട്ടയിൽ ഇട്ടു.

"പതിമൂന്ന്, പതിനാല്, പതിനഞ്ച്..."

പീക്കിരി.ഇൻ
കൊച്ചുകുട്ടികൾക്കുള്ള
പേജുകളാണ്. മുതിർന്നവർ
ഇത് വായിച്ചുകൊടുക്കുമല്ലോ.


# മാമനെ പിടിക്കേണ്ട




**ഗണേഷ് വേലാണ്ടി**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക


കുഞ്ഞൻമുയൽ
രാത്രി പുറത്തിറങ്ങി.
ആകാശത്ത് ചിരിച്ചുനിൽക്കുന്ന
അമ്പിളിമാമൻ.



'ഇന്ന് നിന്നെ പിടിക്കും' –
കുഞ്ഞൻമുയൽ പറഞ്ഞു.

മരക്കൊമ്പിലിരുന്ന് ഉറങ്ങുന്ന കാക്ക കുഞ്ഞനോട്ട പറഞ്ഞു. 'കുഞ്ഞാ കുന്നിന്റെ മുകളിലേക്ക് പോയാൽ അമ്പിളിമാമനെ പിടിക്കാം.'

കുഞ്ഞൻമുയൽ ചാടിച്ചാടി കുന്നിന്റെ മുകളിലെത്തി, ആകാശത്തേക്ക് നോക്കി ചാടി. അവിടുന്ന് തലേംകുത്തി ഉരുണ്ടുരുണ്ട് കുന്നിന് താഴെയെത്തി.

മേലാകെ വേദനിച്ചെങ്കിലും കുഞ്ഞൻമുയൽ എഴുന്നേറ്റിരുന്നു.





'കുഞ്ഞാ എന്തെങ്കിലും പറ്റിയോ?' ഒച്ചകേട്ട് ഉണർന്ന കുയിൽ മഞ്ചാടിക്കൊമ്പത്തുനിന്നും ചോദിച്ചു.

'ഒന്നും പറ്റിയില്ല. ഈ അമ്പിളി മാമനെ എങ്ങനെയാ പിടിക്യാ?' കുഞ്ഞൻമുയൽ ചോദിച്ചു.

'ആകാശത്തുള്ള അമ്പിളിമാമനെ പിടിക്കാനൊന്നും കഴിയില്ല.'

'പിന്നെന്താ ഒരു വഴി?'

'പാടത്തിനരികിലൊരു കുളമുണ്ട്. അമ്പിളിമാമൻ അവിടെ കളിക്കാൻ വരും.' കുയിൽ പറഞ്ഞു.

കുഞ്ഞൻ ചാടിച്ചാടി
കുളത്തിനരികിലെത്തി.
എന്നിട്ട് എത്തിനോക്കി.

'വെള്ളത്തിലതാ അമ്പിളിമാമൻ!'

കുഞ്ഞൻ വെള്ളത്തിലേക്ക്
എടുത്തുചാടി.

ബ്ളും... ബ്ളും... ബ്ളും...

മുങ്ങി നിവർന്നു നോക്കിയപ്പോൾ
വെള്ളത്തിൽ അമ്പിളിമാമൻ
ഇളകി കളിക്കുന്നു.

'ഇപ്പൊ പിടിക്കും.'
അമ്പിളിമാമന്റെ നേരെ
കുഞ്ഞൻ വീണ്ടും ചാടി.

ബ്ളും... ബ്ളും... ബ്ളും...



കുഞ്ഞന്റെ ചാട്ടം കണ്ട്
കുട്ടൻ തവള ചോദിച്ചു:

'കുഞ്ഞൻ രാത്രി കളിക്കാൻ
വന്നതോ കുളിക്കാൻ വന്നതോ?'

'രണ്ടിനുമല്ല. അമ്പിളിമാമനെ
പിടിക്കാൻ വന്നതാ.'
കുഞ്ഞൻ പറഞ്ഞു.

'ആകാശത്തേക്ക് ഒന്ന്
നോക്കിയേ' കുഞ്ഞൻ
ആകാശത്തേക്ക് നോക്കി.

അമ്പിളിമാമൻ
അതാ ചിരിച്ചുനിൽക്കുന്നു.

'അമ്പിളിമാമന്റെ നിഴലാ
കുളത്തിലുള്ളത്.'
കുട്ടൻ തവള പറഞ്ഞു.

'മോനെ കുഞ്ഞാ.'
കുളത്തിന്റെ പടവിൽനിന്നും
മുയലമ്മയുടെ വിളി.



കുഞ്ഞൻമുയൽ ചാടിച്ചാടി
അമ്മയുടെ അരികിലെത്തി.

'എനിക്ക് അമ്പിളിമാമനെ
പിടിക്കണം അമ്മേ.'
കുഞ്ഞന്റെ
തലതോർത്തുന്നതിനിടയിൽ
അമ്മ ചോദിച്ചു. :
'രാത്രി വെളിച്ചം
തരുന്നതാരാ?'

'അമ്പിളിമാമൻ.'
കുഞ്ഞൻ പറഞ്ഞു.

'അപ്പൊ അമ്പിളിമാമനെ
പിടിച്ചാൽ നമ്മൾ
ഇരുട്ടത്താകൂലേ..'

'അമ്മേ, അമ്പിളിമാമനെ
പിടിക്കണ്ട.'





കുഞ്ഞൻ
മുയലമ്മയുടെ മടി
യിലേക്ക് ചാടി.
അപ്പോൾ
കുളത്തിലേക്ക്
കുട്ടൻ തവളയും
ചാടി.

ബ്ളും... ബ്ളും...
ബ്ളും...

കുഞ്ഞനും
മുയലമ്മയും
ചിരിച്ചു.
കൂടെ
അമ്പിളിമാമനും.



## പ്രേമജ ഹരീന്ദ്രൻ

**7**

ചിത്രീകരണം: റോഷൻ




ഉമ്മ സുപ്പുവിനെ ഉന്തിത്തള്ളിക്കൊണ്ടുപോയി സ്കൂളിലെത്തിക്കുകയായിരുന്നു. കുറച്ചുദൂരം കൂടെച്ചെന്നിട്ട് തിരിച്ചുപോരാമെന്നാണ് ഉമ്മ കരുതിയത്. ഇടവഴിയിലൂടെ അപ്പുറത്തുവരെ കൊണ്ടുവിട്ട് ഉമ്മ തിരിച്ചു നടന്നു. കുറച്ചുദൂരം കഴിഞ്ഞ് തിരിഞ്ഞുനോക്കുമ്പോൾ സുപ്പുവുണ്ട് കൂടെ. തൊട്ടുപുറകിൽതന്നെ!

"ഉമ്മാ, ഞാൻ പോണില്ലമ്മാ വിലാസിനി സീച്ചർ തല്ലും."

"ന്റെ മോനല്ലേ, പോണം. ഉമ്മ കുറച്ചു ദൂരം കൂടി വരാം. പിന്നെ മോൻ പോവൂലേ?"

"ശരിയുമ്മാ" സുപ്പു സമ്മതിച്ചു.

വീണ്ടും കുറച്ചുദൂരം സുപ്പുവിനെ കൊണ്ടാക്കി ഉമ്മ തിരിഞ്ഞു നടന്നു. തിരിഞ്ഞു നോക്കുമ്പോൾ കൃത്യമായി സുപ്പു പിറകിലുണ്ട്. ഗത്യന്തരമില്ലാതെ സ്കൂൾ വരെ ഉമ്മയും ചെന്നു. ഉമ്മയ്ക്ക് നാണക്കേട് തോന്നി. വീട്ടിലുടുക്കുന്ന നരച്ച കാച്ചിത്തുണിയാണ് വേഷം.

സ്കൂളിലെത്തിയപ്പോഴാണ് സുപ്പുവിന് കാര്യം പിടികിട്ടിയത്. വിലാസിനിടീച്ചർ സ്ഥലം മാറിപ്പോയി. പകരം വിനയടീച്ചറാണ്. അപ്പുറത്തെ സുഹ്റാത്താത്തയുടെ അത്രയും മാത്രമേ ഉള്ളൂ. സുപ്പു മനസ്സിൽ പറഞ്ഞു.

വിലാസിനിടീച്ചറെപ്പോലെ മിന്നുന്ന സാരിയും നിറയെ ആഭരണങ്ങളുമൊന്നുമില്ല. നേരിയ ഒരു സ്വർണമാല മാത്രം കഴുത്തിൽ. സുപ്പുവിന് ടീച്ചറെ നന്നേ ഇഷ്ടപ്പെട്ടു. ഒരു പൂവിരിയുന്നത് പോലെയുള്ള ആ ചിരിയാണ് കൂടുതൽ ഇഷ്ടമായത്.

"സുപ്പൂ, ഇനി മുതൽ മൂന്നാം ക്ലാസ്സിൽ. ഞാനാ സുപ്പുവിന്റെ ക്ലാസ് ടീച്ചർ. കൃത്യായി സ്കൂളിൽ വരണം, കേട്ടോ."

"സീച്ചർ തല്ലുമോ?"

സുപ്പുവിന്റെ ചോദ്യം കേട്ട് ടീച്ചർ ചിരിച്ചു.

"തല്ലാനോ? ഞാനോ? എന്തിന്? ഞാനെന്തിന് സുപ്പുവിനെ തല്ലണം? സുപ്പു നല്ല കുട്ടിയല്ലേ?"

അത് സുപ്പുവിന് വളരെ ഇഷ്ടപ്പെട്ടു. ആദ്യായിട്ടാണ് ഉമ്മയല്ലാത്ത ഒരാൾ സുപ്പു നല്ല കുട്ടിയാണെന്ന് പറയുന്നത്.

ലൈലടീച്ചർ അടുത്തേക്ക് വന്നപ്പോൾ സുപ്പു ഉമ്മയുടെ പിറകിലേക്ക് പതുങ്ങി.

"സുപ്പൂ, വീണ്ടും കുരുത്തക്കേട് കളിക്കാനാണോ വരവ്?"

സുപ്പുവിന്റെ മുഖം മങ്ങിയത് വിനയടീച്ചർ ശ്രദ്ധിച്ചു.

"ഏയ് അവനിപ്പം നല്ല കുട്ടിയാ. അല്ലേ സുപ്പൂ?"

> **സുപ്പുവിന്റേത്**
> **എത്ര നല്ല മുടിയാണ്.**
> **കുളിച്ചു നന്നായി ചീകിവന്നാൽ**
> **ഈ ക്ലാസ്സിലെ**
> **ഏറ്റവും സുന്ദരൻ**
> **സുപ്പു തന്നെയാവും,**
> **തീർച്ച.**



സുപ്പു തലയാട്ടി. വിനയട്ടീച്ചറുടെ കൈപിടിച്ചു കൊണ്ടാണ് അവൻ ക്ലാസ്സിലെത്തിയത്. മേഘയും രാഹുലുമെല്ലാം അവനെക്കണ്ട് വെറുപ്പോടെ മുഖം തിരിച്ചു.

രാവിലെ കുളിക്കാഞ്ഞതിനാൽ സുപ്പുവിന്റെ എണ്ണമയമില്ലാത്ത മുടി നെറ്റിയിലേക്ക് വീണുകിടന്നിരുന്നു. അതു കൈകൊണ്ട് മാടിയൊതുക്കിക്കൊടുത്തുകൊണ്ട് ടീച്ചർ പറഞ്ഞു.

"സുപ്പുവിന്റേത് എത്ര നല്ല മുടിയാണ്. കുളിച്ചു നന്നായി ചീകിവന്നാൽ ഈ ക്ലാസ്സിലെ ഏറ്റവും സുന്ദരൻ സുപ്പു തന്നെയാവും, തീർച്ച."

നാളെ രാവിലെ കുളിച്ചു നല്ല സ്റ്റൈലായി വരണമെന്ന് അപ്പോഴേ സുപ്പു മനസ്സിലുറപ്പിച്ചിരുന്നു. വൈകുന്നേരം സ്കൂൾ വിട്ടു പോകുമ്പോൾ വിനയട്ടീച്ചറുടെ കൂടെയാണ് സുപ്പു ഇറങ്ങിയത്.

ടീച്ചറുടെ ചിരിയും സംസാരവും എന്തുരസമാണ്. സുപ്പു ഓർത്തു. വീട്ടിലേക്ക് തിരിയുന്ന വഴിയിലെത്തിയപ്പോൾ ടീച്ചർ ചോദിച്ചു:

"സുപ്പു നാളെ സ്കൂളിൽ വരില്ലേ? അതോ മുമ്പത്തെപോലെ മുങ്ങിക്കളയുമോ?"

"ഇല്ല സീച്ചറേ, ഞാൻ ന്തായാലും നാളെ വരും, ഒറപ്പ്."

അവൻ അൽപം നടന്നു തിരിഞ്ഞുനോക്കുമ്പോൾ ടീച്ചർ അവിടെത്തന്നെയുണ്ടായിരുന്നു. ടീച്ചർ സുപ്പുവിനെ നോക്കി ചിരിച്ചുകൊണ്ട് കൈവീശി കാണിച്ചു. അവൻ ഒരു മൂളിപ്പാട്ടും പാടി വീട്ടിലേക്ക് നടന്നു.


(തുടരും)



സിന്ധു എൻ.പി.

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

# എനിക്കും പോണം!



പൂവാലനണ്ണാൻ കയ്യിലെ മാമ്പഴം കാർന്നുതിന്നുകൊണ്ടിരുന്നു. എന്താ ഒരു രുചി! എന്നും മാങ്ങാക്കാലമായിരുന്നെങ്കിൽ എന്നൊരു സുന്ദര മോഹവുമുണ്ടായി. അങ്ങനെയാവില്ലല്ലോ. മാങ്ങാണ്ടിയെ സ്നേഹത്തോടെ തിരിച്ചും മറിച്ചും പിടിച്ച് കടിച്ചു. രുചിയുടെ രാജാവേ നന്ദി! നന്ദി!

'ശ് ശ്...'

ചുറ്റും നോക്കി. ആരപ്പാ– ആരെങ്കിലും കണ്ടോന്നുള്ള ജാള്യവും മുഖത്ത് മിന്നി മാഞ്ഞു. സ്വകാര്യമായി ഒരു മാങ്ങാണ്ടി ആസ്വാദന സ്വാതന്ത്ര്യം പോലും അണ്ണാറക്കണ്ണന്മാർക്കില്ലെന്നോ? അവന്റെ യുവരക്തം ഒരു നിമിഷം തിളച്ചു. പക്ഷേ, ആളെക്കണ്ടപ്പോൾ ഒക്കെയും പൂർവസ്ഥിതിയിലായി. മ്മടെ മഞ്ഞക്കിളിയാണ്. സാധു. വല്ലപ്പോഴും അസ്ഥാനത്തെന്തെങ്കിലും കമന്റിടും എന്നല്ലാതെ വേറെ ഉപദ്രവമൊന്നുമില്ല.

"ഉം എന്താ?" അണ്ണാൻ ചോദിച്ചു.

"അതേ നിന്റെ കയ്യിലിരിക്കുന്നതെന്താന്നറിയ്യോ?"

എന്താ? ഇനിയിതു മാങ്ങാണ്ടി തന്നെയല്ലേ. അവൻ ഒന്നുകൂടി നോക്കി ഉറപ്പിച്ചു. മാങ്ങാണ്ടി തന്നെ.

" ഭാവിയിലെ വലിയൊരു മാവാണ് നിന്റെ കയ്യിലിരിക്കുന്നത്."

അണ്ണാൻ അത്ഭുതപ്പെട്ടു.

'മാവോ, തന്റെ കയ്യിലോ? "

മഞ്ഞക്കിളി തുടർന്നു.

"നോക്കൂ, നീയത് ദൂരെ കളഞ്ഞെന്നു വെക്കൂ. ഇനിയത്തെ മഴക്കാലത്ത് ആ മാങ്ങാണ്ടിയിൽ ഒളിച്ചിരിക്കുന്ന വിത്ത് മെല്ലെ പുറത്തിറങ്ങി മണ്ണിൽ പറ്റിപ്പിടിച്ച് വളരാൻ തുടങ്ങും."

അണ്ണാന് അതിശയം സഹിച്ചില്ല.

മാങ്ങാണ്ടി കൊള്ളാലോ. അപ്പോൾ പഞ്ഞക്കാലത്ത് ഞാൻ തിന്നുന്നത് ഉള്ളിലെ പരിപ്പല്ല, ഒളിഞ്ഞിരിക്കുന്ന മാവിനെയാണ്.

"അതെ!"

അണ്ണാൻ ശ്രദ്ധിക്കുന്നുണ്ടെന്നു കണ്ടപ്പോൾ മഞ്ഞക്കിളിക്ക് ആവേശം വന്നു.

"പിന്നെ മഴക്കാലം കഴിയുമ്പഴേക്കും നാലോ അഞ്ചോ ഇലകളുള്ള തൈ പതുക്കെപ്പതുക്കെ പൊങ്ങി വരും. കാലം ചെല്ലുമ്പോൾ ചില്ലകളായി, ചില്ലകളിൽ പാഞ്ഞു നടക്കുന്ന അണ്ണാറക്കണ്ണൻമാരായി, കലപില കൂട്ടുന്ന കിളികളായി – ജീവികളുടെ മേളമല്ലേ. ജീവന്റെ ഉത്സവം:.."

അണ്ണാൻ ശരിക്കും നോക്കി. കയ്യിലിരിക്കുന്ന ജീവന്റെ ഉത്സവം! ഒന്നുമറിയാത്ത പോലെ!

അണ്ണാൻ മഞ്ഞക്കിളിയെ ആരാധനയോടെ വീണ്ടും വീണ്ടും നോക്കി. കണ്ടാലാരെങ്കിലും പറയുമോ ഇത്രയൊക്കെ അറിയാമെന്ന്. അന്നേരമാണ് ഇടി വെട്ട് ഡയലോഗ് വന്നത് – "ഇപ്രാവശ്യത്തെ 'കാട് 'വാരികയിൽ എന്റെയൊരു ലേഖനമുണ്ട്. ഒന്നു വായിക്കൂ. കൂടുതൽ കാര്യങ്ങളറിയാം." മഞ്ഞക്കിളി പറന്നു പോയി. "ഹെന്റമ്മോ '' കയ്യിലിരിക്കുന്ന മാങ്ങാണ്ടി ദൂരെ മണ്ണിലേക്ക് വലിച്ചെറിഞ്ഞ് അണ്ണാറക്കണ്ണൻ മരച്ചില്ലയിലൂടെ ഓടി. കൂട്ടിൽ വിശ്രമിക്കുകയായിരുന്ന അമ്മയുടെ മുന്നിൽ ചെന്നുനിന്ന് കിതച്ചുകൊണ്ട് പറഞ്ഞു.

"എനിക്കും സ്കൂളിൽ പോണം.''

---



## എവിടെ നിന്നെന്ന് പറയാമോ?

### ഉത്തരവും വിജയികളും

### ഫെബ്രുവരി 1

**പുസ്തകം: ബാല്യകാല സ്മരണകൾ**

**മേഘ്ന രഞ്ജിത്,** 5 ാം തരം, എസ്.എ.ബി.ടി.എം. എച്ച്.എസ്.എസ്., തായിനേരി, പയ്യന്നൂർ

**ആര്യനന്ദ കെ,** 3 ാം തരം, പടിഞ്ഞാറക്കര ജെ.ബി.എസ്., പാലപ്പുറം പി.ഒ, ഒറ്റപ്പാലം

**കാർത്തിക് സുധീപ്,** എസ്.എ.ബി.ടി.എം.എച്ച്.എസ്.എസ്. തായിനേരി, പയ്യന്നൂർ

### മാർച്ച് 1

**പുസ്തകം: പാത്തുമ്മയുടെ ആട്**

**വിസ്മയ എൻ,** എ.സി.കെ.എസ്.ജി.യു.പി.എസ്. മേലങ്ങോട് പി.ഒ., കാഞ്ഞങ്ങാട്, കാസറഗോഡ്.

**വിനയ് സി.ആർ,** 2 ബി., ജി.വി.എൽ.പി.സ്കൂൾ, ചിറ്റൂർ, പാലക്കാട്

**ശ്രീനന്ദ പി.വി,** 5 എ, മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ, പരിയാരം, പരിയാരം പി.ഒ., കണ്ണൂർ

## കാഴ്ചപ്പുറം

### ഉത്തരവും വിജയികളും

### മാർച്ച് 1

**മൂന്നാറിലെത്തുന്ന മൂന്നു നദികൾ :**

**മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള**

**ശ്രീനന്ദ സി.കെ.,**
5 ബി, ദേശമിത്രം യു.പി.സ്കൂൾ, ചേടിച്ചേരി, പെരുവളത്തുപറമ്പ് പി.ഒ., കണ്ണൂർ

**സിദ്ധാർഥ് ശങ്കർ,**
2ാം തരം, എ.ഡി.എൽ.പി.സ്കൂൾ, എഴുവൻതല, പാലക്കാട് – 679335

# യു-മെയിൽ



**കത്തുകൾ അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002

**9497172919**




## ന്റെ പുന്നാര യുറീക്കേ

ഇന്നലെയാണ് മോഡൽപരീക്ഷ കഴിഞ്ഞത്. പരീക്ഷ കഴിഞ്ഞ സന്തോഷത്തിൽ വീട്ടിൽ വന്നപ്പോഴേ കണ്ടത് പുതിയ യുറീക്കയാണ്. പിന്നെ ഒട്ടും താമസിച്ചില്ല. എടുത്തുവച്ച് മുഴുവനും വായിച്ചു. സത്യം പറഞ്ഞാൽ ഇത് എന്റെ അമ്മ സ്കൂൾകുട്ടികൾക്കായ് വരുത്തുന്നതാണ്. കാരണം എനിക്കുവേണ്ടി ശാസ്ത്രകേരളം വരുത്തുന്നുണ്ട്. എന്നാലും യുറീക്ക മറ്റാരും ആദ്യം എടുക്കാൻ ഞാൻ സമ്മതിക്കുകയില്ല.

ഇന്നലെ തമിഴ്നാട്ടിൽ 19 മലയാളികൾ മരിച്ച വാർത്ത എന്നെ വളരെയധികം വേദനിപ്പിച്ചു. പത്രത്തിൽ മുഴുവനും അതായിരുന്നുവല്ലോ ഇന്ന്. കാലയവനികക്കപ്പുറം നാമും ഒരു ദിവസം മറയും... എന്നാലും...

ഈ വർഷത്തെ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു സംഭവം പ്ലാസ്റ്റിക് നിരോധനമാണ്. മുഴുവനായും ഉപേക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിലും ഒരു പരിധിവരെ തടയാൻ എല്ലാവരും ശ്രമിക്കുന്നത് കണ്ടപ്പോൾ ആനന്ദം തോന്നുന്നു.

ഓർമവച്ച കാലം മുതൽ യുറീക്ക എന്റെയൊപ്പമുണ്ട്. സാധാരണഗതിയിൽ പ്രായം കൂടുമ്പോൾ മനുഷ്യർക്ക് സൗന്ദര്യം കുറയുകയാണ് ചെയ്യുന്നത്. എന്നാൽ യുറീക്കയ്ക്ക് പ്രായമേറുംതോറും സൗന്ദര്യവുമേറുകയാണ്. പുതിയ ലക്കത്തിലെ അവസാന പേജ് (ദേ, ഒരു ശാസ്ത്രജ്ഞ) എനിക്ക് ഒത്തിരി ഇഷ്ടമായി. മാമൻ എന്താണ് ഒരു ശാസ്ത്രജ്ഞനെ വരയ്ക്കാതെ ശാസ്ത്രജ്ഞയെ വരച്ചത്? അതിന് പിന്നിൽ എന്തെങ്കിലും ഒളിച്ചുകിടപ്പുണ്ടോ?

'ഭൂമിയിലെ നക്ഷത്രങ്ങൾ' അതിഗംഭീരമാണ് കേട്ടോ... സുപ്പുവിനെ എനിക്ക് ഒത്തിരി ഇഷ്ടമായി. പക്ഷേ, ഒരോ ഭാഗവും പെട്ടെന്ന് തീരുന്നു. ഇത്തിരികൂടെ നീളം കൂട്ടണം. പുതിയ ലക്കം കവർപേജും അടിപൊളിയാട്ടോ.

**സൗപർണിക എ.എസ്.** 10 സി, ജി.എച്ച്.എസ്.എസ്. പുനലൂർ, കൊല്ലം.

*കാഴ്ചപ്പുറം ഉത്തരം :*
സാഞ്ചിയിലെ സ്തൂപം

e-mail: priyappettaeureke@gmail.com

## ലോകം ഗണിതമയം

ഞാൻ ഗണിതക്യാമ്പിന് പോയിരുന്നു. മൂന്നു ദിവസം നീണ്ടുനിന്ന ആ ക്യാമ്പിലൂടെ എനിക്ക് മനസ്സിലായത് ഈ ലോകത്തുള്ള ഓരോ വസ്തുവിലും പ്രവർത്തനങ്ങളിലും ഗണിതത്തിന്റെ സാന്നിധ്യം ഉണ്ടെന്നാണ്. ഗണിതത്തിന്റെ മാധുര്യം കൂടാതെ സംഗീതവും പാചകവും ആ ക്യാമ്പിലൂടെ എനിക്കറിയാൻ പറ്റി. ജി.എച്ച്.എസ്. കക്കാടിലായിരുന്നു ക്യാമ്പ്. ഇതുവരെ ഞാൻ കണ്ടിട്ടില്ലാത്ത മരങ്ങളും ചെടികളും എനിക്ക് അവിടെ വെച്ച് കാണാൻ പറ്റി. എന്തുരസമായിരുന്നു. ഗണിത ക്യാമ്പിലൂടെ എനിക്ക് ഗണിതത്തോടുള്ള പേടിയും മാറിക്കിട്ടി.

**മുഹമ്മദ് മുസമ്മിൽ സി.എച്ച്.** ജി.എച്ച്.എസ്.കാഞ്ഞിരപ്പൊയിൽ, കാഞ്ഞിരപ്പൊയിൽ പി.ഒ. കാസർഗോഡ് 671531.

## നന്ദി, യുറീക്കേ...

ഞാൻ യുറീക്കഫാൻ ആണ്. ഓരോ മാസവും രണ്ട് പ്രാവശ്യം നല്ല നല്ല അറിവുകൾ പറഞ്ഞു തരുന്നതിന് നന്ദി.

**സമന്വയ് പി,** 6 എ, എസ്.എൻ.സെൻട്രൽ സ്കൂൾ, ഗോവിന്ദമുട്ടം പി.ഒ., കായംകുളം, 690527

## ഞങ്ങൾ കലക്കി

സ്കൂളിനു പുറത്ത് മേലെവിള കനാൽ ജങ്ഷനിൽ ഞങ്ങളുടെ സ്കൂളൊരു വലിയ പരിപാടി വച്ചു. പഠനോത്സവം. പൊതുജനങ്ങളുടെ മുന്നിൽ ആടിയും പാടിയും ഞങ്ങൾ പാഠഭാഗങ്ങളും അറിവുകളും പങ്കുവെച്ചു. മലയാളവും ഇംഗ്ലീഷും കോർത്തിണക്കി മുഴുവൻ പരിപാടികളും നന്നായി അവതരിപ്പിച്ചു.

പ്രീ സ്കൂളിലെ ടീച്ചറും കുട്ടികളും തകർത്ത് അഭിനയിച്ച പരുന്താട്ടമായിരുന്നു പരിപാടിയുടെ കേളികൊട്ടായി തെരഞ്ഞെടുത്തത്. ഞങ്ങൾ നാലാംക്ലാസുകാർ മുഴുവൻ പേരും പങ്കെടുത്ത വിവിധ കവികളുടെ മനോഹരമായ കവിതകൾ കോർത്തിണക്കിയ കാവ്യാർച്ചന നല്ലതായിരുന്നു. ഞാനും നാടകത്തിൽ അഭിനയിച്ചു. എന്റെ വേഷം ബീർബൽ ആയിരുന്നു. നാലാംതരത്തിലെ 'ആരു പഠിപ്പിക്കും' എന്ന പാഠമാണ് നാടകമാക്കിയത്.

പഠനോത്സവത്തിൽ വിവിധ കോർണറുകൾ ഒരുക്കിയിരുന്നു. ഗണിതം, വായന, ശാസ്ത്രപരീക്ഷണങ്ങൾ അങ്ങനെ പല കോർണറുകൾ. സന്തുഷയും സ്നേഹയും പിന്നെ അനൂപും ശ്രീനാഥും അനൗൺസർമാരായി. പ്രചരണത്തിനായി ഉറക്കെ മൈക്കിലൂടെ വിളിച്ചുപറഞ്ഞ് വണ്ടിയിൽ നാടാകെ ചുറ്റി. എന്തു രസമായിരുന്നു. എല്ലാ ക്ലാസുകാരും സ്കിറ്റുകൾ അവതരിപ്പിച്ചു. എങ്ങനെയുണ്ട് ഞങ്ങളുടെ പഠനോത്സവം യുറീക്കേ.


**നന്ദന എസ്.പ്രദീപ്, ഉജ്വല ജി,** 4 ാം തരം, ജി.എൽ.പി.എസ്. കോയിപ്പാട്, ചാത്തന്നൂർ, കൊല്ലം.

**യുറീക്ക കാത്തിരിക്കുന്നു നിങ്ങളുടെ കത്തുകൾക്കായി...**



**എന്തെല്ലാം വിശേഷങ്ങളുണ്ട് നിങ്ങൾക്ക് പറയുവാനായി. സ്കൂളിലെ വിശേഷങ്ങൾ, വീട്ടിൽ നടന്ന ചർച്ചകൾ, വഴിയരികിൽ കണ്ട കാഴ്ചകൾ, പത്രം വായിച്ചപ്പോൾ നിങ്ങൾക്ക് തോന്നിയത്, സിനിമ കണ്ടപ്പോൾ ചിന്തിച്ചത്, പുതുതായി വായിച്ച പുസ്തകം, പ്രിയപ്പെട്ട ടീച്ചറെക്കുറിച്ച്, നിങ്ങളെ കൊതിപ്പിച്ച ഭക്ഷണം...**
**യുറീക്കയോടല്ലെങ്കിൽ മറ്റാരുമായി നിങ്ങളിതൊക്കെ പങ്കുവെക്കും. ഒപ്പം യുറീക്കയിൽ വന്ന രചനകളെക്കുറിച്ചുള്ള അഭിപ്രായവും. ഇന്ന് തന്നെ എഴുതൂ, മാറ്റിവെക്കാതെ. രക്ഷിതാക്കളുടെ മൊബൈൽ ഫോണിൽ നിന്ന് മെയിലായി അയയ്ക്കാമല്ലോ.**
വിലാസം : priyappettaeureke@gmail.com
: 9497172919
**തപാലിലാണെങ്കിൽ യു–മെയിൽ, യുറീക്ക, ചാലപ്പുറം പിഒ, 673 002.**

## അവധിക്കാല പ്രവർത്തനം



# സമ്മാനമായി ഒരു യാത്ര തരപ്പെടുത്താൻ അവധിക്കാലത്തിതാ ഒരു അവസരം



പത്രം വായിക്കാറില്ലേ എല്ലാവരും. എന്തെല്ലാം വാർത്തകളുമായാണ് ഒരു ദിവസത്തെ പത്രം നമുക്ക് മുന്നിലെത്തുന്നത്.

ഒരു പത്രത്തിന്റെ ഓഫീസിൽ, ഈ വാർത്തകളെല്ലാം തരാനായി ഒരു ദിവസം എന്തെല്ലാം ജോലികളാണ് നടത്തുന്നതെന്നോ!

വാർത്തകൾ ശേഖരിക്കാൻ റിപ്പോർട്ടർമാർ, അത് എഡിറ്റ് ചെയ്യാൻ എഡിറ്റർമാർ, വാർത്തകൾ ടൈപ്പ് ചെയ്യാൻ ഡി ടി പി ഓപ്പറേറ്റർമാർ, ചിത്രസഹിതം പേജ് സെറ്റുചെയ്യുന്ന ലേ ഔട്ട് ആർട്ടിസ്റ്റുകൾ, പത്രം പ്രിന്റു ചെയ്യുന്നവർ, വിതരണക്കാർ... തുടങ്ങി ഒരുപാട് പേരുടെ പ്രവർത്തനത്തിലൂടെയാണ് ഒരു പത്രം നമ്മുടെ കൈയിലെത്തുന്നത്.

ഇത്രയും പറഞ്ഞത് നിങ്ങൾ ഒരു പത്രം ഉണ്ടാക്കാൻ തന്നെയാണ്.


ഏപ്രിൽ 14 മുതൽ മൂന്ന് ദിവസത്തെ നിങ്ങളുടെ അനുഭവങ്ങളിലൂടെ പത്രം രചിക്കണം.

ആ മൂന്നു ദിവസത്തെ മുഴുവൻ വാർത്തകളും നിങ്ങൾക്ക് എഴുതാം. വീട്, ചുറ്റുപാട്, നിങ്ങളുടെ നാട് എന്നിവയിൽ ഊന്നിയിരിക്കണം 65 ശതമാനം വാർത്തകളും. മറ്റു പത്രങ്ങളിൽ നിന്നുള്ള വാർത്തകളും കേട്ടറിഞ്ഞ വാർത്തകളും ആരെങ്കിലും പറഞ്ഞു തന്ന വാർത്തകളും ബാക്കിയുള്ള 25 ശതമാനത്തിൽ ഉൾപ്പെടുത്തണം.



ഇനി 10 ശതമാനം കൂടി സ്ഥലമുണ്ട്. അത് പത്രം ഉണ്ടാക്കാനുള്ള ചെലവിനായി ഉപയോഗിക്കാം. കളർപേനയും പേപ്പറും അയച്ചുതരാനുള്ള കവറിനും സ്റ്റാമ്പിനുമായുള്ള ഈ കാശ് (ബാക്കിയുള്ള 10 ശതമാനം സ്ഥലത്തിൽ) പരസ്യത്തിനായി ഉപയോഗിക്കാം. കാശ് തരുന്നവരുടെ പരസ്യം നൽകാം.

ഒന്നുകൂടി വ്യക്തമാക്കാം. പത്രത്തിന് 4 താളുകൾ വേണം. അതായത് നാല് എ4 ഷീറ്റുകൾ. അതിൽ രണ്ടര ഭാഗം എടുത്താൽ ഏതാണ്ട് 65 ശതമാനമായി. ഇനി ബാക്കി 25 ശതമാനത്തിനായി ഒരു എ4 കൂടി എടുക്കാം. ഇനിയും ബാക്കി ഭാഗമുണ്ടല്ലോ. അവിടെ പരസ്യം കൂടി ചേർത്താൽ 4 പേജും പൂർണമാവും.



പത്രത്തിന് ടീമിനെ ഉണ്ടാക്കാം. നന്നായി എഴുതുന്നയാൾ, വരയ്ക്കുന്നയാൾ, വിവരങ്ങൾ ശേഖരിച്ചു തരുന്നയാൾ, പരസ്യം പിടിച്ചുതരുന്നയാൾ എന്നൊക്കെയായിത്തന്നെ. ഇവരുടെയെല്ലാം പേര് പത്രത്തിൽ കാണിച്ചിരിക്കണം.

ഒറ്റയ്ക്കും ഉണ്ടാക്കാം. അതും വ്യക്തമായി പത്രത്തിൽ എഴുതിച്ചേർക്കണം എന്നുമാത്രം. മികച്ച രണ്ടു പത്രങ്ങൾക്കാണ് സമ്മാനം. ഗ്രൂപ്പ് വർക്ക് ചെയ്യുന്നവർ മൊത്തം നാല് പേരിൽ കൂടരുത്.

അയയ്ക്കേണ്ട അവസാന തീയതി ഏപ്രിൽ 25. മികച്ച പത്രങ്ങൾ രചിക്കുന്നവർക്ക് പാലക്കാട് മുണ്ടൂരിലുള്ള, കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഗവേഷണ സ്ഥാപനമായ ഐ.ആർ.ടി.സി. സന്ദർശിക്കാനുള്ള അവസരമാണ് സമ്മാനമായി നിങ്ങളെ കാത്തിരിക്കുന്നത്. ✷

Volume 41 No. 21 Eureka 2020 April 1, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.

## ഓരോന്നോരോന്ന്









*Dactyloctenium aegyptium*

ഒറ്റത്തണ്ടിലിതെട്ടുണ്ടോ
കണ്ടവരുണ്ടോ ...?

**കണ്ടെത്തി ഫോട്ടോ**
**അയച്ചാൽ സമ്മാനം**

: 9497172919

ചിത്രവും വരിയും :
വിശ്വൻ – 9207 008 949



Date of Publication : 25/3/2020 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78







Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES

SANDALS & BACKPACKS